515791

TRAVANCORE-COCHIN LEGISLATIVE ASSEMBLY

The Speaker:
The Honourable Sri. T. M. Varghese
(Till 17th September 1951)

The Honourable Sri. A. M. Thomas
(From 19th September 1951)

The Deputy Speaker:
Sri. K. Kochukuttan
(Till 7th July 1951)

Sri. T. T. Kesavan Sastri
(From 17th September 1951)

Secretary:
Sri. V. Krishnamoorthi

Assistant Secretary:
Sri. R. Kerala Varma Thirumulpad

GOVERNMENT OF TRAVANCORE-COCHIN STATE

Council of Ministers:

Chief Minister
The Honourable Sri. C. Kesavan

Minister for Finance and Food
The Honourable Sri. K. M. Korah
(Assumed charge on 6th September 1951)

Minister for Education and Revenue
The Honourable Sri. L. M. Pylee
(Assumed charge on 6th September 1951)

Minister for Public Works
The Honourable Sri. G. Chandrasekhara Pillai
(Assumed charge on 6th September 1951)

Minister for Industries and Labour
The Honourable Sri. P. K. Krishnankutty Menon
(Assumed charge on 6th September 1951)

TRAVANCORE-COCHIN LEGISLATIVE ASSEMBLY

Alphabetical List of Members

MEMBERS

1. Sahib Bahadur T. A. Abdulla *(Ambalapuzha I—Muslim)*
2. Sahib Bahadur V. A. Abdul Aziz *(Trivandrum I—Muslim)*
3. Sri. Abdul Majeed *(Chirayinkil III—Muslim).*
4. Sahib Bahadur A. Abdul Razaak *(Nedumangad I—Muslim).*
5. Sry. Accamma Cheriyan *(Changanacherry I—General).*
6. Sri. A. Achuthan *(Karthikapally II—General).*
7. „ R. Achuthan *(Kottarakara III—Kurava).*
8. „ P. C. Adichan *(Kunnathur II—Kurava).*
9. „ Albert Lopez *(Neyyattinkara II—Latin Catholic).*
10. „ Alexander Parambithara *(Kumbalangi—General).*
11. „ Alexander Vakayil *(Parur II—Latin Catholic).*
12. „ S. Ambrose *(Agastisvaram—Latin Catholic).*
13. Sry. Annie Mascarene *(Trivandrum I—Latin Catholic.)*
14. Sri. Krishnan Ayyappan *(Shertalai III—General).*
15. „ K. Balakrishna Menon *(Vadakkancheri—General).*
16. „ P. Balakrishnan Tampi *(Mavelikara III—General).*
17. „ T. S. Bandhu *(Velur—General).*
18. „ E. Bhaskaran *(Karunagapalli I—Araya).*
19. „ M. Bhaskara Menon *(Ernakulam—General).*
20. „ N. V. Chacko *(Kunnathunad III—General).*
21. „ P. Chacko *(Thiruvalla V—General).*
22. „ P. T. Chacko *(Kottayam II—General).*
23. Hon'ble Sri. G. Chandrasekhara Pillai *(Neyyattinkara II—General)* Minister.
24. Sri. K. M. Chandy *(Meenachil I—General).*
25. Sahib Bahadur Cheladi Rowther *(Cheruthuruthi—Muslim).*
26. Sri. K. K. Chellappan Pillai *(Mavelikara II—General).*
27. „ Chellaswami Nadar *(Vilavancode—Hindu Nadar).*
28. „ Cheriyan J. Kappan *(Meenachil III—General).*
29. Dr. M. O. Cheriyan *(Devicolam—General).*
30. Sri. A. Chidambaranatha Nadar *(Kalkulam II—Hindu Nadar).*

31. Sri. N. Daniel Jose *(Neyyattinkara III—S. I. U. C.).*
32. „ Sree V. Das *(Kalkulam I—Hindu Nadar).*
33. Sry. Devaki Gopidas *(Kottayam I—General).*
34. Sri. T. V. Devan *(Kottayam IV—Pulaya).*
35. „ Ambat Eachara Menon *(Chittur-Tattamangalam—General).*
36. „ Eapen Arakkal *(Ambalapuzha I—Latin Catholic).*
37. „ A. Easwara Pillai *(Kottarakara III—General).*
38. „ K. R. Elankath *(Trivandrum IV—General).*
39. „ Elias (Mary Antony) *(Kalkulam I—Latin Catholic).*
40. „ Gabriel Nadar *(Vilavancode—Latin Catholic).*
41. „ V. Gangadharan Nair *(Quilon III—General).*
42. „ Gasper D'Silva *(Anglo-Indian —Nominated).*
43. „ A. K. George *(Kattur—General).*
44. „ P. C. George *(Pathanamthitta I—General).*
45. „ D. Gnanasigamoni *(Kalkulam II—General).*
46. „ P. Gopalan *(Vaikom III—General).*
47. „ E. Gopalakrishna Menon *(Cranganore—General).*
48. „ Mannar Gopalan Nair *(Thiruvalla I—General).*
49. „ Kannara Gopala Panicker *(Thiruvalla II—General).*
50. „ M. Govindan *(Trivandrum III—General).*
51. „ O. T. Inasu *(Commerce and Industry—Special).*
52. „ Ittiera Ambookan *(Mala—General).*
53. „ C. V. Iyyu *(Kunnamkulam—General).*
54. „ A. L. Jacob *(Cheranallur—General).*
55. „ A. J. John *(Vaikom I—General)*
56. „ E. John Philipose *(Thiruvalla III—General)*
57. „ A. V. Joseph *(Kunnathunad I—General).*
58. „ C. L. Joseph *(Irinjalakuda—General).*
59. „ K. S. Joseph *(Thiruvalla VI—General).*
60. „ Joseph Malieckal *(Thodupuzha I—General).*
61. „ Joseph Mathen *(Shertalai III—Latin Catholic).*
62. „ Joseph Thumbasseri *(Meenachil II—General).*
63. „ V. K. Joseph *(Alur—General).*
64. „ K. K. Kannan *(Kanayannur—Depressed Class).*
65. Hon'ble Sri. C. Kesavan *(Quilon I—General)* Chief Minister.
66. Sri. T. T. Kesavan Sastri *(Kunnathunad I—Pulaya).*
67. „ T. Kochukrishna Pillai *(Kalkulam I—General).*
68. „ N. S. Kochukunju *(Changanacherry IV—Paraya).*
69. Hon'ble Sri. K. M. Korah *(Changanacherry IV—General)* Minister.

70. Sri. D. Krishnan Potti *(Kottarakara II—General).*
71. „ Krishna Das *(Thiruvalla IV—Pulaya).*
72. „ P. K. Krishnan Sastri *(Meenachil II—Pulaya).*
73. „ N. K. Krishna Pillai *(Neyyattinkara III—General.)*
74. „ P. K. Kumaran Asari *(Meenachil I—Kammala).*
75. „ Thariathu Kunjithommen *(Muvattupuzha II—General).*
76. „ P. Kunjukrishnan *(Quilon II—General).*
77. „ N. Kunjuraman *(Chirayinkil IV—General)*
78. „ S. Kuttan *(Neyyattinkara I—General).*
79. „ K. Kuttappan *(Mavelikara III—Thandan).*
80. „ Mankuzhi M. Madhavan *(Chirayinkil III—General).*
81. „ V. Madhavan *(Vaikom II—General).*
82. Sahib Bahadur Majeed Marikar *(Kunnathunad I—Muslim).*
83. „ P. K. Makkaru Pillai *(Muvattupuzha I—Muslim)*
84. Sri. V. O. Markos *(Kottayam III—General).*
85. „ K. A. Mathew *(Thiruvalla IV—General).*
86. „ M. C. Mathew *(Changanacherry III—General).*
87. Sahib Bahadur Muhammed Musthafa *(Pathanapuram—Muslim).*
88. „ T. A. Moideenkunju *(Karunagapalli II—Muslim).*
89. „ K. A. Muhammed *(Quilon IV—Muslim).*
90. Sri. K. W. Muralidhara Marar *(Trippunithura—General).*
91. „ A. P. Nambiar *(Ollur—General)*
92. „ P. Nanoo *(Chirayinkil II—General).*
93. „ Kodanat Narayanan Nambudiripad *(Landholders—Special).*
94. „ C. Narayana Pillai *(Mavelikara I—General).*
95. „ Parur T. K. Narayana Pillai *(Parur II—General)*
96. „ K. Natarajan Chettiar *(Nemmara—General).*
97. „ P. S. Nataraja Pillai *(Trivandrum V—General).*
98. Rao Bahadur T. K. Nayar *(Pazhayannur—General).*
99. Sri. N. Neelakantaru Pandarathil *(Nedumangad—General).*
100. „ A. Nesamony *(Vilavancode—S. I. U. C.)*
101. „ S. Nilacanta Aiyar *(Trivandrum I—General).*
102. „ G. P. Nilakanta Pillai *(Karunagapalli I—General).*
103. „ K. P. Nilakanta Pillai *(Chirayinkil I—General).*
104. „ C. A. Ouseph *(Trichur Town—South).*
105. „ Mannathu Padmanabha Pillai *(Pathanamthitta II—General.*
106. „ M. Palpu *(Kottarakara I—General).*
107. „ C. C. Prasad *(Kodakara—Depressed Class).*
108. „ A. K. Patchu Pillai *(Peermede—General).*
109. „ P. K. Paul *(Kodasseri—General).*

110. Sri. Paul Thaliath *(Parur III—General)*.
111. „ Paulose Pylee *(Muvattupuzha III—General)*.
112. „ Philipose Muthalali *(Kunnathur I—General)*.
113. „ D. Ponniah *(Agastisvaram- Paraya)*.
114. Hon'ble Sri. L. M. Pylee *(Cheranellur—Latin Christian)* Minister.
115. Sri. K. Ramachandran *(Pathanamthitta I—Kammala)*.
116. „ K. Ramakrishna Achari *(Nedumangad II—Kammala)*.
117. „ K. Ramakrishna Pillai *(Ambalapuzha I—General)*.
118. „ P. K. Raman *(Shertalai II—General)*.
119. „ R. K. Ram *(Agastisvaram- General)*.
120. „ M. Raman Pillai *(Kunnathur II—General)*.
121. „ A. Ramasubramonia Karayalar *(Shencottah—General)*.
122. „ Raphael J. Rodriguez *(Quilon IV -Latin Catholic)*.
123. „ Sadasivan *(Vilavancode—General)*.
124. „ R. Sankar *(Quilon IV—General)*.
125. „ Sankaran Nadar *(Neyyatinkara I—Hindu Nadar)*.
126. „ Pandavathu Sankara Pillai *(Karthikapalli III—General)*.
127. „ K. N. Sankunni Pillai *(Kottayam IV—General)*.
128. „ K. Sarangadharan *(Ambalapuzha II—General)*.
129. „ K. Sekhara Panicker *(Karthikapalli I—General)*.
130. „ S. Sivaraman Asari *(Quilon III—Kammala)*.
131. „ A. P. Sivaramakrishnan *(Pattancherri—General)*.
132. „ K. Sivarama Pillai *(Thovala—General)*.
133. „ Ponnara G. Sreedhar *(Nedumangad II—General)*.
134. „ P. Swamiappa Kounden *(Kozinjampara—General)*.
135. Sry. Thankamma N. Menon *(Ernakulam—Women)*.
136. Sri. A. Thanu Pillai *(Trivandrum II—General)*.
137. „ P. Thanulingom Nadar *(Agastisvaram—Hindu Nadar)*.
138. „ A. M. Thomas *(Kanayannur—General)*.
139. „ A. P. Udayabhanu *(Karunagapalli II—General)*.
140. „ P. V. Urumese Tharakan *(Shertalai I—General)*.
141. „ Varghese Augustin *(Ambalapuzha III—General)*.
142. „ P. M. Varghese *(Thodupuzha II—General)*.
143. „ N. P. Varghese *(Muvattupuzha I—General)*.
144. Hon'ble Sri. T. M. Varghese *(Pathanapuram—General)*
145. „ V. K. Varghese *(Pathanamthitta III—General)*.
146. „ M. Varkey *(Kunnathunad II—General)*.
147. „ U. K. Vasudevan Asari *(Kottayam III—Kammala)*.
148. „ Kalathil Velayudhan Nair *(Changanacherri II—General)*.
149. Vacant. *(Kodakara—General)*.

150.	Vacant.	*(Desamangalam—General).*
151.	Vacant.	*(Trichur—Women).*
152.	Vacant.	*(Pallippuram—Generl).*
153.	Vacant.	*(Trichur Town—North).*
154.	Vacant.	*(Labour—Special).*
155.	Vacant.	*(Chalakudy—General).*
156.	Vacant.	*(Aranattukara—General).*
157.	Vacant.	*(Ollurkara—General).*
158.	Vacant.	*(Poomangalam—General).*
159.	Vacant	*(Aranattukara—Depressed Class).*
160.	Vacant.	*(Vellarappilli—General).*
161.	Vacant.	*(Azhikode—General).*
162.	Vacant.	*(Parappukara—General).*
163.	Vacant.	*(Cheruthuruthy—General).*
164.	Vacant.	*(Parur I—General).*
165.	Vacant.	*(Cheranallur—Muslim).*
166.	Vacant.	*(Chiyaram—General).*
167.	Vacant.	*(Elankunnapuzha—General).*
168.	Vacant.	*(Kumbalangi—Christian).*
169.	Vacant.	*(Amballur—General).*
170.	Vacant.	*(Mattancheri–General).*
171.	Vacant.	*(Manalur—General).*
172.	Vacant.	*(Oorakam—General).*
173.	Vacant.	*(Pazhanji—General).*
174.	Vacant.	*(Maradu—General).*
175.	Vacant.	*(Nominated).*
176.	Vacant.	*Do.*
177.	Vacant.	*Do.*
178.	Vacant.	*Do.*

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION—1951

Monday, *the 17th September 1951*

VOL. IV] OFFICIAL REPORT [No. 1

The Assembly met in the Legislative Chamber, Trivandrum, at eleven of the Clock on Monday, the 17th September 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

Oral Answers

കന്നുകാലി ലേലപരസ്യം

*൧. (൩) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൧ ഏപ്രിൽ ൧൩-ാംനു കല്ലുക്കര ലൈവ് സ്റ്റാക്ക് ഫാറത്തിലുള്ള കുറെ മൃഗങ്ങളെ ലേലം ചെയ്യുകയുണ്ടായോ;

(ബി) അതു സംബന്ധിച്ചുള്ള പരസ്യം ഏതു തീയതിയിലെ ഗവമെന്റ ഗസററിലാണ് പരസ്യം ചെയ്തതു്?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ലേലം ചെയ്യുകയുണ്ടായി.

(ബി) അതുസംബന്ധിച്ചുള്ള പരസ്യം ൧൯൫൧ ഏപ്രിൽ ൧൦-ാം തീയതിയിലെ ഗവമെന്റ് ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ൧൦-ാംനു-യിലെ ഗസററ് സാധാരണയായി ഒരാഴ്ചകഴിഞ്ഞാണ് ആളുകൾക്ക് കിട്ടുന്നതു് എന്നുള്ള വിവരം ഗവമെണ്ടിനറിയാമോ?

ശ്രീ. കെ. എം. കോര: ഒരാഴ്ചകഴിഞ്ഞേ കിട്ടുകയുള്ളു എന്ന് ഗവമെന്റ വിചാരിക്കുന്നില്ല. സാധാരണയായി രണ്ടുമൂന്നുദിവസം കഴിഞ്ഞു കിട്ടും.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ൧൩-ാംനു നടന്ന ലേലം സംബന്ധിച്ചുള്ള പരസ്യം ലേലം നടന്നുകഴിഞ്ഞതിനു ശേഷമാണ് പൊതുജനങ്ങൾ അറിയുവാൻ ഇടയായതെന്നുള്ളതിനെപ്പററി ഗവമെന്റ് അന്വേഷിക്കുമോ?

ശ്രീ. കെ. എം. കോര: ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറയുന്നതുകൊണ്ട് അതേപ്പററി അന്വേഷിക്കാം.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഉപയോഗശൂന്യമായതുകൊണ്ടാണോ, അതോ മററു കാരണങ്ങളാലാണോ ഈ മൃഗങ്ങളെ ലേലം ചെയ്തതു്?

ശ്രീ. കെ. എം. കോര: ആ ചോദ്യത്തിനു നോട്ടീസ് വേണം.

Sri. P. S. Nataraja Pillai: May I know from the hon. Minister whether it is not a fact that the date stamp on the Gazette bears a date which is three days after the date of publication of the Gazette?

ശ്രീ. കെ. എം. കോര: അങ്ങനെയാണെങ്കിൽ അതിനു വേണ്ട പരിഹാരം ചെയ്യുന്നതാണ്.

Sri. P. S. Nataraja Pillai: I affirm that it is so, Sir.

Sri. K. M. Korah: It will be taken notice of.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ലേലത്തെ സംബന്ധിച്ചുള്ള പരസ്യം ശരിയായ സമയത്ത് പ്രസിദ്ധപ്പെടുത്താതെയിരിക്കുന്നതുകൊണ്ട് ലേല നടപടി ശരിയായിട്ടല്ല നടത്തിയിരിക്കുന്നതെന്നു ഗവൺമെന്റു മനസ്സിലാക്കുമോ?

ശ്രീ. കെ. എം. കോര: പരസ്യം ശരിയായ സമയത്തുതന്നെയാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ലേലവും നടത്തി.

നൂൽ മൊത്തവ്യാപാരികൾ

*൨. (൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലത്തു എത്ര നൂൽ മൊത്തവ്യാപാരികൾ ഉണ്ട്; അവർ ആരെല്ലാം;

(ബി) കൊച്ചിൻ മഹാലക്ഷ്മി ടെക്സ്റ്റയിൽസ് റീട്ടയിൽ ലൈസൻസികൾക്ക് ക്ലിപ്തസമയത്ത് നൂൽ കൊടുക്കാതെ അവർക്കു നഷ്ടത്തിനിടവരുത്തുന്നതായി പരാതി കിട്ടിയിട്ടുണ്ടോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) രണ്ട്. ശ്രീ. ഷാതലക്ഷ്മി വാച്ചുരാജും കൊച്ചിൻ മഹാലക്ഷ്മി കാട്ടൺ മിൽസുകാരുടെ മൊത്തവ്യാപാരശാലയും.

(ബി) ഉണ്ട്. പരാതി അന്വേഷണത്തിൽ ഇരിക്കുകയാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആരാണ് പരാതി അയച്ചത്?

ശ്രീ. കെ. എം. കോര: ബഹു. മെമ്പർതന്നെ പരാതി അയച്ചിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ വ്യാപാരികൾ അനധികൃതമായി നൂൽ വിതരണം ചെയ്യുന്നതുകൊണ്ടും വേണ്ട സമയത്ത് നൂൽ വിതരണം ചെയ്യാത്തതുകൊണ്ടും ജനങ്ങൾക്കു വളരെ അസൌകര്യവും നഷ്ടവും ഉണ്ടാകുന്നുണ്ടെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ?

ശ്രീ. കെ. എം. കോര: അതിനെപ്പറ്റി ഗവൺമെന്റ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വലനെയ്യുന്നതിന് ആവശ്യമായ നൂൽ ഇപ്പോൾ കിട്ടുന്നില്ലാ എന്നുള്ള പരാതി ഉണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെയും പരാതി ഉണ്ട്.

ശ്രീ. അമ്പാട്ട് ഈച്ചരമേനോൻ: ഇവിടെ വരുന്ന നൂൽ പുറത്തു പോകുന്നതായി വല്ല പരാതിയും ഉണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെയും കേൾക്കുന്നുണ്ട്. പക്ഷെ അക്കാര്യം ഈ ഗവൺമെന്റിന്റെ കൺട്രോളിൽ പെടുന്നതല്ല.

സർവ്വീസ് സംയോജനം

*൩. (൭) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സർവ്വീസ് സംയോജനം ഏതെങ്കിലും ഡിപ്പാർട്ടുമെണ്ടിൽ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഡിപ്പാർട്ടുമെൻറിലെ സർവ്വീസ് സംയോജനം പൂർത്തിയായിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഒരു ഡിപ്പാർട്ടുമെൻറിൻെറയും പൂർത്തിയായിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. രാമചന്ദ്രൻ: ഇതു് എത്ര നാളിനകം പൂർത്തിയാകുമെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അങ്ങനെ ക്ലിപ്തമായി പറയുവാൻ നിവൃത്തിയില്ല, എങ്കിലും ജോലി തുടങ്ങിയിട്ടുണ്ടു്. മുകളിലത്തെ ക്ലാസ്സിലുള്ള ഉദ്യോഗങ്ങളുടെ സംയോജനത്തെ സംബന്ധിച്ചു ഒരു പട്ടിക തയാറാക്കിയിട്ടുമുണ്ടു്. ആ ലിസ്റ്റ് പരിശോധനയിൽ ഇരിക്കുന്നു.

Shahib Bahadur A. Abdul Razaak: May I remind the hon. Chief Ministe that there has been an assurance from the Government benches that the integration of the services would be completed before the year 1951 is out?

ശ്രീ. സി. കേശവൻ: അങ്ങനെ അഷ്വറൻസ് ഉണ്ടായിട്ടുണ്ടോ എന്നു് എൻെറ ഓർമ്മയിൽനിന്നു് പറയാൻ നിവൃത്തിയില്ല. ഈ വർഷം അവസാനിക്കുന്നതിനു മുൻപുതന്നെ സംയോജനം സംബന്ധിച്ചുള്ള നടപടികൾ തീരുമെന്നാണു് വിശ്വാസം.

ശ്രീ. എ. താണുപിള്ള: സംയോജനം സംബന്ധിച്ചുള്ള ്രിൻസിപ്പിൾസ് എന്തെല്ലാമാണെന്നു് ഗവൺമെൻറു് നിശ്ചയിച്ചു കഴിഞ്ഞോ?

ശ്രീ. സി. കേശവൻ: കഴിഞ്ഞു. ഈ ഗവൺമെൻറു് ഇതുസംബന്ധിച്ചു ചെയ്തിട്ടുള്ള ചില തീരുമാനങ്ങൾ ഇൻഡ്യാഗവൺമെൻറ് പരിശോധിച്ചു ചില ചില്ലറ മാററങ്ങൾ വരുത്തി. അതു നടപ്പിൽ വരുത്തുവാൻ ഗവൺമെൻറ വിചാരിക്കുകയാണു്.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാഗവൺമെൻറിൻെറ ഉദ്യോഗസ്ഥനാണോ ഇതൊക്കെ എഴുതിയതു്?

ശ്രീ. സി. കേശവൻ: ഇന്ത്യാഗവൺമെൻറിൻെറ ഉദ്യോഗസ്ഥൻ ഇവിടെ വന്നു് റിക്കാർഡുകളൊക്കെ പരിശോധിച്ചു് വിവരങ്ങൾ സ്റ്റേററമിനിസ്ത്രിയെ അറിയിച്ചു. ഭേദഗതികൾ വരുത്തിയതു് സ്റ്റേററമിനിസ്ത്രിയാണു്.

ശ്രീ. എ. താണുപിള്ള: അങ്ങനെ ചെയ്യുവാൻ ഈ ഗവൺമെൻറ് സ്റ്റേററമിനിസ്ത്രിയോടു് ആവശ്യപ്പെട്ടോ?

ശ്രീ. സി. കേശവൻ: ആവശ്യപ്പെട്ടു. കഴിഞ്ഞ ബഡ്ജററ് സമ്മേളനസമയത്തുതന്നെ ഇതു സംബന്ധിച്ചു ചില തർക്കങ്ങൾ ഇവിടെ ഉള്ളതായി കണ്ടു. അതുകൊണ്ടു് ഇതിനെപ്പററി ന്യായമായ ഒരു തീരുമാനം ചെയ്യുവാൻ ഈ ഗവൺമെൻറ് സ്റ്റേററമിനിസ്ത്രിയോടു് ആവശ്യപ്പെടുകയാണു് ഉണ്ടായതു്.

ശ്രീ. എ. താണുപിള്ള: ഇതേപ്പററി ഒരു തീരുമാനം എടുക്കുവാൻ ഈ ഗവമ്മെൻറിനുള്ള അപ്രാപ്തികൊണ്ടാണോ അങ്ങനെ ആവശ്യപ്പെട്ടത്?

Mr. Speaker: That is a matter of inference.

ശ്രീ. എ. കെ. പാച്ചുപിള്ള: സർവ്വീസ് ഇൻറിഗ്രേഷൻ സംബന്ധിച്ച് തിരുവിതാംകൂറിലേയും കൊച്ചിയിലേയും ആളുകളിൽനിന്ന് നിവേദനങ്ങൾ ഗവമ്മെൻറിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: വളരെ കിട്ടിയിട്ടുണ്ട്. അതുകൊണ്ടാണ് ഇതേപ്പററി ഇൻഡ്യാ ഗവമ്മെൻറ തന്നെ പരിശോധിക്കണമെന്ന് വിചാരിച്ചത്.

ശ്രീ. എ. താണുപിള്ള: ഇതിൻെറ പ്രിൻസിപ്പിൾസ് പബ്ലിഷ് ചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: പബ്ലിഷ് ചെയ്തിട്ടില്ല.

ശ്രീ. എ. താണുപിള്ള: സഭയുടെ മുമ്പാകെ അത് വയ്ക്കുന്നതിന് വിഷമമുണ്ടോ?

ശ്രീ. സി. കേശവൻ: തടസ്സമൊന്നുമില്ല.

ശ്രീ. കെ. എ. മാത്യു: ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരിൽ നിന്നും ഗവമ്മെൻറിന് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടെന്നു പറഞ്ഞല്ലോ. അവയെക്കൂടി പരിഗണിച്ചുകൊണ്ടാണോ ഗവമ്മെൻറ് ഇതിനെപ്പററി തീരുമാനം ചെയ്തിട്ടുള്ളത്?

ശ്രീ. സി. കേശവൻ: ഇതിൽ ഇൻഡ്യാഗവമ്മെൻറ് തീരുമാനമൊന്നും ചെയ്തിട്ടില്ല. നമ്മുടെ ചില തീരുമാനങ്ങൾ അവരുടെ മുമ്പാകെ വച്ചു. അവർ അത് പരിശോധിച്ചു. ചില നിർദ്ദേശങ്ങൾ ചെയ്തു എന്നുമാത്രം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതു് സംബന്ധിച്ച് പൊതുജനാഭിപ്രായം എന്താണെന്ന് ഗവമ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങളിൽ പൊതുജനാഭിപ്രായം വേണമെന്ന് പറയുന്നതു് വളരെ വിഷമമാണ്.

Sri. D. Ganasigamoni: May I know what are the matters in respect of which the Government of India has given some directions?

ശ്രീ. സി. കേശവൻ: ഒന്നു രണ്ടു പോയിൻറുകളിൽ മാത്രമേ ഇൻഡ്യാ ഗവമ്മെൻറ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളു.

പിന്നോക്കസമുദായോദ്ധാരണ എൻക്വയറി കമ്മററി

* ൪. (ന) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പിന്നോക്കസമുദായോദ്ധാരണ എൻക്വയറി കമ്മററി ഗവമ്മെൻറിലേക്കു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(ബി) പ്രസ്തുത റിപ്പോർട്ടിൽ ഗ്രാൻറുകൾ നല്കണമെന്ന് ശുപാർശ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) പ്രസ്തുത കമ്മററിയുടെ ശുപാശയനുസരിച്ച് ൧൧൨൬-൨൭ സാമ്പത്തിക വർഷത്തിൽ എന്തെല്ലാം ചെയ്തിട്ടുണ്ടെന്ന് പറയുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്. ൧൧൨൫-ൽ.

(ബി) വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റമെന്റ് * മേശപ്പുറത്ത് വച്ചിരിക്കുന്നു.

(സി) കമ്മറ്റിയുടെ റിപ്പോർട്ട് ൧൧൨൫—൨൬ സാമ്പത്തികവർഷം തികഞ്ഞതിനു ശേഷമെ കിട്ടിട്ടുള്ളു. അതുകൊണ്ട് ൧൧൨൬—൨൭ സാമ്പത്തികവർഷത്തിൽ ഇതുസംബന്ധിച്ച് യാതൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: പിന്നോക്ക സമുദായോദ്ധാരണത്തിനായിട്ടല്ലേ ൧൧൨൬—൨൭-ലെ ബഡ്ജററിൽ പണം അനുവദിച്ചിട്ടുള്ളതു്?

ശ്രീ. സി. കേശവൻ: അതെ. പക്ഷെ പ്രസ്തുത കമ്മററി റിപ്പോർട്ടു ലഭിക്കാഞ്ഞതിനാൽ ആ പണം ചിലവാക്കിയിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ കമ്മററിയുടെ റിപ്പോർട്ട് പരസ്യം ചെയ്യുവാൻ ഗവമ്മെന്റിനു് ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: അതിനു് തടസ്സമൊന്നുമില്ല.

പബ്ലിക്ക് സർവ്വീസ് നിയമനങ്ങൾ

* ൭ (൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി; താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

പബ്ലിക്ക് സർവ്വീസിലേക്ക് അപേക്ഷകർ ക്ഷണിക്കപ്പെടുമ്പോൾ ഇൻഡ്യാഗവമ്മെന്റ് ചെയ്തുവരുന്നതുപോലെ പട്ടികജാതിക്കാർക്ക് റിസർവ്വേഷൻ അനുവദിക്കാതിരിക്കുവാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): റിസർവേഷൻ അനുവദിക്കുന്ന സംഗതിയിൽ പട്ടികസമുദായക്കാർക്കും പിന്നോക്കസമുദായക്കാർക്കും സ്ഥാനങ്ങൾ സംവരണം ചെയ്യുന്നതിനും മററുമായി ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ട്. ആ കാര്യം ആ കമ്മററിയുടെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ കമ്മററി ഏതാണ്?

ശ്രീ. സി. കേശവൻ: ഗവമ്മെന്റ് അതിലേക്ക് ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മററിയിലെ അംഗങ്ങളുടെ പേരുവിവരം അടുത്ത ചോദ്യത്തിലെ ഉത്തരമായി പറയുന്നതാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അടുത്ത കാലത്തുണ്ടായ നിയമനങ്ങളിൽ പിന്നോക്കസമുദായക്കാരുടെ അവകാശങ്ങൾ അവഗണിക്കപ്പെട്ടിട്ടുണ്ടെന്നു് അറിയാമോ?

ശ്രീ. സി. കേശവൻ: ലവലേശവും അവഗണിക്കപ്പെട്ടിട്ടില്ലെന്നാണ് ഗവമ്മെന്റിന്റെ അറിവ്.

ശ്രീ. കെ. രാമചന്ദ്രൻ: പിന്നോക്കസമുദായ പ്രാതിനിധ്യത്തിനും മററുമായി ഇപ്പോൾ ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ടെന്നു് പറഞ്ഞുവല്ലോ. ഇതിലേക്ക് മുമ്പേതന്നെ ഒരു കമ്മററി ഉണ്ടല്ലോ. വീണ്ടും ഒരു കമ്മററിയുടെ ആവശ്യം എന്താണ്?

ശ്രീ. സി. കേശവൻ: മുമ്പ് ഒരു കമ്മററിയെ നിയമിച്ചിരുന്നതു് ഫീസ് സൌജന്യത്തിനു് അർഹരായ പിന്നോക്ക സമുദായങ്ങൾ ഏതെല്ലാമാണെന്നു് നിശ്ചയിക്കാനാണ്. എന്നാൽ ഇപ്പോൾ നിയമിച്ചിരിക്കുന്ന കമ്മററി പബ്ലിക്ക്സർവ്വീസിലും മററും ഉള്ള പ്രാതിനിധ്യവിഷയത്തിൽ പ്രത്യേകം പരിഗണന

* Please See Appendix I, page 43.

അർഹിക്കുന്ന പിന്നോക്ക സമുദായങ്ങൾ ഏതെല്ലാമാണെന്നു നോക്കാനാണ് നിയമിക്കപ്പെട്ടിരിക്കുന്നത്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഫീസ് സൌജന്യത്തിനായി അനുവദിക്കപ്പെട്ടിരിക്കുന്ന സമുദായങ്ങളുടെ ലിസ്റ്റിൽ മററു ചില സമുദായങ്ങളെക്കൂടി ഉൾപ്പെടുത്തുവാൻ ഗവമെന്റിനു സാധിക്കുമോ?

ശ്രീ. സി. കേശവൻ: പിന്നോക്ക സമുദായങ്ങളുടെ അഡൈ്വസറി ബോർഡിന്റെ ശുപാർശ അനുസരിച്ച് ചില സമുദായങ്ങളെക്കൂടി ആ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ കഴിയും.

ഹരിജൻ ഹോസ്റ്റലുകൾ

* ൩. (൬) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

( ) പിന്നോക്കസമുദായക്കാരുടെ വിദ്യാഭ്യാസ സൌകര്യത്തെ ഉദ്ദേശിച്ചു നടത്തിവന്ന ഹരിജൻ ഹോസ്റ്റലുകൾ നിറുത്തുകയാൽ ഗവമെന്റിന് എത്ര ലാഭമുണ്ടെന്നു പറയുമോ;

(ബി) ഹോസ്റ്റലുകൾ നിറുത്തുകയും സ്റ്റൈപ്പന്റ് കുറയ്ക്കുകയും ചെയ്തതിൽ വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള വൈഷമ്യങ്ങളെപ്പററി ഗവമെന്റ് അന്വേഷിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) പ്രതിവർഷം ൯൫,൬൪൦ രൂപാ.

(ബി) ഹോസ്റ്റലുകൾ നിറുത്തിയതുകൊണ്ട് സൌജന്യമായ താമസസൗകര്യവും ഭക്ഷണസൗകര്യവും ലഭിച്ചിരുന്ന ൨൪൦ വിദ്യാർത്ഥികൾക്ക് വീട്ടിൽ താമസിക്കേണ്ടിവരികയും അതുകൊണ്ട് അവർക്ക് ചില അസൗകര്യങ്ങളെല്ലാം നേരിടുകയും ചെയ്തിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഹോസ്റ്റലുകൾ നിറുത്തിയതു് അസൗകര്യംതന്നെയാണ്. അവരുടെ സ്റ്റൈപ്പന്റ് കുറച്ചിട്ടില്ല. നേരെമറിച്ച് കുറെ കൂട്ടിയിട്ടുണ്ട്. ൯൫൦—൫൧-ൽ പിന്നോക്കസമുദായക്കാർക്ക് ഹൈസ്കൂളിലും മിഡിൽ സ്കൂളിലും പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് വസ്ത്രം, പുസ്തകം ഇവ വാങ്ങിക്കുന്നതിന് യഥാക്രമം ൪൦-൦, ൨൫-൦ രൂപാ എന്ന തോതിൽ ലഭിച്ചു. ഈ ഇനത്തിൽ ആകെ ൨,൩൯,൩൫൬ രൂപയാണ് ചെലവു്

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കോളേജ് വിദ്യാർത്ഥിക്ക് എന്താണ് ഈ വകയിൽ നൽകിവന്നിരുന്നതു്?

ശ്രീ. സി. കേശവൻ: പ്രതിമാസം ൪൫ രൂപാ ആഹാരചെലവിന് ആയിട്ടുതന്നെ അനുവദിക്കുന്നുണ്ട്. പുസ്തകം മുതലായവയ്ക്ക് വേറെയും.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഗവമെന്റ് നടത്തുന്ന ഹോസ്റ്റലുകൾ തുടരുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ ൪൫ രൂപാ കോളേജ് വിദ്യാർത്ഥിക്ക് ആഹാരത്തിനു മതിയാകുമോ?

ശ്രീ. സി. കേശവൻ: മതിയാകുന്നില്ലെന്നു പരാതിയുണ്ട്. കൂടുതൽ നൽകുവാൻ ശ്രമിച്ചുവരുന്നു.

സെക്കണ്ടറി വിദ്യാഭ്യാസപദ്ധതി

* ൬. (൧൦) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്തുവാൻ നിശ്ചയിച്ചിരുന്നത്;

(ബി) ഈ പദ്ധതിയനുസരിച്ച് കഴിഞ്ഞ സ്കൂൾ വർഷത്തിൽ എത്ര മാനേജുമെൻറുകൾ പണമടച്ചു;

(സി) അടയ്ക്കാത്ത മാനേജുമെൻറ് സ്കൂളുകളുടെ എണ്ണം;

(ഡി) തിരുവിതാംകൂർ വിഭാഗത്തിൽ എത്ര സ്കൂളുകൾ അടയ്ക്കാതിരുന്നു?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) അദ്ധ്യാപകരുടെ ഉദ്യോഗഭദ്രത, ശമ്പളവർദ്ധനവ്, പ്രോവിഡൻറ് ഫണ്ടിനുള്ള നിർബന്ധിതവ്യവസ്ഥ, യോഗ്യതയുള്ള അപേക്ഷകരുടെ ലിസ്റ്റ് പബ്ളിക്ക് സർവ്വീസ് കമ്മീഷൻ മുഖേന തയ്യാറാക്കുക ഇവ പദ്ധതിയിലെ പ്രധാന വ്യവസ്ഥകളായിരുന്നു. കൂടുതൽ വിവരങ്ങൾ പദ്ധതിയെപ്പറ്റി ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ള ൧൯൫൦ നവംബർ ൨-ാംനു-യിലെ പ്രസ്സ് നോട്ടിൽനിന്നും മനസ്സിലാകുന്നതാണ്. ഫീസ് പിരിവിന്റെ ൭൦ ശതമാനം ഖജനാവിൽ അടയ്ക്കണമെന്നും, എല്ലാ സ്കൂളിൽനിന്നും അങ്ങിനെ അടയ്ക്കുന്ന തുകയെ ഏകീകരിച്ച് ക്ലിപ്തനിരക്കിന് ഗവൺമെണ്ടിൽനിന്നും അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കണമെന്നും നിശ്ചയിച്ചിരുന്നു.

(ബി) ൫൧൭.

(സി) ൪൦൬.

(ഡി) ൩൧൧.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ട്രഷറിയിൽനിന്നും കെട്ടിവാങ്ങിക്കുന്ന പണി അദ്ധ്യാപകന്മാരുടെ ആവശ്യത്തിനുതന്നെ ഉപയോഗിക്കണമെന്നു നിയമം ഇരിക്കെ അങ്ങനെ ചെയ്യുന്നില്ലായെന്നുള്ളതിനെപ്പറ്റി പരാതി വല്ലതും ഉണ്ടോ?

ശ്രീ. എൽ. എം. പൈലി: നോട്ടീസു വേണം.

Sahib Bahadur A. Abdul Razaak: Is not the interference of the Government of India in this educational matter a deliberate inroad on the fundamental rights of the citizens of this State?

Sri. L. M. Pylee: There has been correspondence between the Government of India and this Government. That is a confidential document, the details of which cannot be divulged.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർക്ക് ഇപ്പോൾ വർദ്ധിപ്പിച്ചിരിക്കുന്നതരത്തിലുള്ള ക്ഷാമബത്ത കിട്ടാതെയിരിക്കുന്നതിന് കാരണമെന്താണ്?

ശ്രീ. എൽ. എം. പൈലി: സെക്കണ്ടറി വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള ചോദ്യമാണ് ഇത്. പ്രൈമറി സ്കൂളുകളുടെ ചോദ്യം ഇതിൽ വരുന്നില്ല.

Sahib Bahadur A. Abdul Razaak: The hon. Minister adverted to the confidential nature of the correspondence. May I now ask him whether the contents of that document were not published in many dailies issued from Kottayam?

Sri. L. M. Pylee: That document was not published in any of the dailies of Kottayam.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ പതിനാറുശതമാനം പ്രത്യേക ആവശ്യത്തിനുവേണ്ടി നീക്കിവെച്ചിരിക്കുന്നതുകൊണ്ട് കൂടുതലായി ചെലവുചെയ്യേണ്ടി വരികയില്ലേ?

ശ്രീ. എൽ. എം. പൈലി: വരും.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ആ തുക എത്രയാണെന്നു പറയാമോ?

ശ്രീ എൽ. എം. പൈലി: നോട്ടീസുവേണം.

ശ്രീ. എ. താണുപിള്ള: ഈ പദ്ധതിയനുസരിച്ച് ഇൻഡ്യാഗവമ്മെൻറും ഈ ഗവമ്മെൻറുമായി എഴുത്തുകുത്തുകൾ നടന്നു എന്നു് പറഞ്ഞു. ഇൻഡ്യാഗവമ്മെൻറിൻെറ നിർദ്ദേശം ഇവിടത്തെ ഗവമ്മെൻറ് ചോദിച്ചിട്ടാണോ അതല്ല അവർ സ്വമേധയാ നൽകിയതാണോ?

ശ്രീ. എൽ. എം പൈലി: ഈ ഗവമ്മെൻറ് ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാഗവമ്മെൻറ് ഈ ഗവമ്മെൻറ് ആവശ്യപ്പെടാതെതന്നെ ഈ കാര്യത്തിൽ പ്രവേശിച്ചു ഉത്തരവു് തന്നതു് എന്തുകൊണ്ടാണു്?

ശ്രീ. എൽ. എം. പൈലി: ഇൻഡ്യാഗവമ്മെൻറ് യാതൊരു ഉത്തരവും തന്നിട്ടില്ല.

ശ്രീ. എ. താണുപിള്ള: എന്നാൽ ഇൻഡ്യാഗവമ്മെൻറിൻെറ നിർദ്ദേശങ്ങൾ എന്താണു്?

ശ്രീ. എൽ. എം. പൈലി: ഈ പദ്ധതിപററിയുള്ള നിയമപരമായും ഭരണഘടനാപരമായും ഉള്ള ചില അഭിപ്രായങ്ങൾ അവർ ഈ ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: അതു് ഈ ഗവമ്മെൻറ് ആവശ്യപ്പെട്ടിട്ടാണോ?

ശ്രീ. എൽ. എം. പൈലി: അല്ല.

ശ്രീ. എ. താണുപിള്ള: അങ്ങനെയിരിക്കെ ഇൻഡ്യാഗവമ്മെൻറ് ഈ കാര്യം സംബന്ധിച്ച് ഇടപെടാൻ കാരണമെന്താണു്?

ശ്രീ. എൽ. എം. പൈലി: ഇൻഡ്യാഗവമ്മെൻറ് സ്റ്റേററുഗവമ്മെൻറുകൾക്കു് വിഷമമുള്ള പല പ്രശ്നങ്ങളിലും അവരുടെ ലീഗലായും ഭരണഘടനാപരമായും ഉള്ള ഉപദേശങ്ങൾ കൊടുക്കുന്നുണ്ടു്. അവയെ സ്വീകരിക്കാതെയിരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: അതു് കാൺസ്റ്റിറ്റ്യൂഷനിലെ ഏതു് വകുപ്പു് അനുസരിച്ചാണു്?

Mr. Speaker: The hon. Member may himself refer to the Articles of the Constitution.

Sri. A. Thanu Pillai: Sir, I wish to know under what provision of the Constitution of India, the Government of India interfered?

Mr. Speaker: Is there not a provision in the Constitution which the Government can resort to? The hon. Member himself can make a reference to that and if it is not found anywhere in the Constitution then the hon. Member can draw his own inference.

Sri. A. Thanu Pillai: My submission is this. There is more than one provision which may induce the Government of India or allow the Government of India to interfere. I wish to know what that provision is?

Mr. Speaker: That question cannot be allowed.

Sri. A. Thanu Pillai: Then I wish to know whether the Congress President or the Congress Parliamentary Board interfered in this matter ?

ശ്രീ. സി. കേശവൻ: ബോർഡല്ല, പ്രസിഡണ്ട്. തിരു—കൊച്ചി സന്ദർശിച്ചു തിരിയെ പോകുമ്പോൾ ഈ കാര്യം സംബന്ധിച്ച് ഇവിടെയുള്ള വിദ്യാഭ്യാസ പ്രമുഖന്മാരുമായി ആലോചിച്ചതിനുശേഷം ഇവിടത്തെ കുഴപ്പത്തിനു ഒരു പരിഹാരം ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി അദ്ദേഹം ചില ഉപദേശങ്ങൾ തരുകയുണ്ടായി. അതു കോൺഗ്രസ്സ് പ്രസിഡണ്ട് എന്നുള്ള നിലയിലല്ല. എന്നാൽ പ്രാധാന്യമർഹിക്കുന്ന ഒരു വ്യക്തി എന്ന നിലയിലാണ്.

ശ്രീ. എ. താണുപിള്ള: അദ്ദേഹത്തിന്റെ അഭിപ്രായം ആവശ്യപ്പെട്ടിട്ടാണോ അദ്ദേഹം ഈ ഉപദേശം നല്കിയതു്?

ശ്രീ. സി. കേശവൻ: അല്ല.

ശ്രീ. എ. താണുപിള്ള: അങ്ങനെയാണെങ്കിൽ വഴിയെ പോകുന്നവരെല്ലാം നമ്മുടെ രാജ്യത്തുള്ള കാര്യങ്ങളെ സംബന്ധിച്ച അഭിപ്രായം പറയുവാൻ അനുവദിക്കുന്നതു് ശരിയാണോ?

Mr. Speaker. That is disallowed.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: പദ്ധതി അനുസരിച്ചു് ട്രഷറിയിൽ പണം അടക്കാത്തവരും, അടച്ചവരും അങ്ങനെ രണ്ടു വിഭാഗത്തിൽ ആളുകൾ ഉണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: അങ്ങനെയാണെങ്കിൽ പണം അടച്ചവരെ ഈ പദ്ധതിയിൽനിന്നും മോചിപ്പിക്കാമോ?

Mr. Speaker. That is not allowed.

ശ്രീ. എ. കെ. പാച്ചുപിള്ള: ശ്രീ. മുക്കർജിയുടെ അഭിപ്രായം ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ താണ്ഡൻജിയോടു് ഒന്നിച്ചു് മുക്കർജിയും സഞ്ചരിച്ചിട്ടുണ്ടായിരുന്നു. അപ്പോൾ തീർച്ചയായും മുക്കർജിയുടെ അഭിപ്രായം താണ്ഡൻജി ആരാഞ്ഞിരിക്കണം.

ശ്രീ. മാന്നാർ ഗോപാലൻനായർ: മുക്കർജി ഒരു വിദ്യാഭ്യാസ ധുരന്ധരനാണോ?

Sri. C. Kesavan: Yes, he is.

Sri. A. P. Udayabhanu: Has not the Secretary of the Indian Socialist Party expressed his opinion on this question ?

Sri. C. Kesavan: Yes. He has expressed in favour of the steps taken by this Government.

Sri. P. Balakrishnan Tampi: Is Mr. Purushothamdas Tandon a Christian or a Hindu ?

Mr. Speaker: The hon. Member knows that.

Sri. D. Gnanasigamoni: Are we to understand then that this Government have accepted the legal and constitutional aspects involved in the question in the light of the opinion expressed by the Congress President ?

Sri. C. Kesavan: It is not that we have accepted it. But we are considering it.

സെക്കണ്ടറി വിദ്യാഭ്യാസപദ്ധതി

*൮. (൧൧) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ—

(എ) സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതിയിൽ വല്ല മാററവും വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി:)

(എ) ചില ഭേദഗതികൾ വരുത്തുവാൻ ആലോചിച്ചു വരുന്നുണ്ട്.

(ബി) പൂർത്തിയാകാതെ പറയുവാൻ നിവൃത്തിയില്ല. ഗവർമ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്ന കാര്യമാണ് ഇത്.

ശ്രീ. എ. താണുപിള്ള: മുൻപിലത്തെ വിദ്യാഭ്യാസപദ്ധതി അനുസരിച്ച് ഇപ്പോൾ നടപ്പിൽ വരുത്തുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്ന് മറുപടി പറഞ്ഞിട്ടുണ്ട്. അതിൽനിന്നു ഏതെങ്കിലും ഒരു മാററം ഇപ്പോൾ വരുത്തിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ചില മാററങ്ങൾ വരുത്തുവാൻ ആലോചിച്ചുവരുന്നുണ്ട്.

ശ്രീ. എ. താണുപിള്ള: ഏതെങ്കിലും മാററം വരുത്തിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

ശ്രീ. എ. താണുപിള്ള: ട്രഷറിയിൽ പണം അടയ്ക്കണമെന്നുള്ളത് ൧൧൨൨-ലെ പദ്ധതി വ്യവസ്ഥ അനുസരിച്ചുതന്നെയാണോ?

ശ്രീ. എൽ. എം. പൈലി: അതേ.

Sri. D. Gnanasigamoni: May I know whether the Secondary Education Scheme is compulsory?

Mr. Speaker: It is a matter of interpretation.

Sri. D. Gnanasigamoni: My question arises from Mr. Thanu Pillai's question. I want to know for a fact whether the scheme is compulsory. May I know whether there is any compulsion on the part of management to remit fees collected by them? (No Answer)

വൈസ് ചാൻസലർ

*൯. (൧൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ—

(എ) തിരുവിതാംകൂർ സർവ്വകലാശാലയുടെ വൈസ്ചാൻസലർ സ്ഥാനം ഒഴിവു വന്നിട്ട് എത്ര കാലമായി;

(ബി) പ്രസ്തുത ഒഴിവിലേയ്ക്ക് ആളിനെ നിയമിക്കുന്നതിനു ഇനിയും എത്രകാലം വേണ്ടിവരും?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി:)

(എ) വൈസ്ചാൻസലർസ്ഥാനം ഒഴിവുവന്നിട്ടു ഏഴു മാസമായി.

(ബി) കഴിയുന്നതും വേഗത്തിൽ നിയമനം നടത്തണമെന്നാണുദ്ദേശിക്കുന്നത്. ഈ കാര്യത്തിൽ മി. രാമസ്വാമി മുതലിയാർ അദ്ദേഹത്തിൻെറ സേവനം നല്കാമെന്നു സമ്മതിച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: മി. പാപ്പ്‌വർത്ത് പോയതിനുശേഷം വൈസ് ചാൻസലർ എത്രകാലം ഉണ്ടായിരുന്നു; എത്ര കാലം ഉണ്ടായിരുന്നില്ല?

ശ്രീ. എൽ. എം. പൈലി: മി. പാപ്പ്‌വർത്ത് പോയതിനുശേഷം നന്ദൻ മേനവൻ വൈസ് ചാൻസലറായിരുന്നു. അദ്ദേഹം പോയതിനുശേഷം ഇതുവരെയും നിയമനം നടത്തിയിട്ടില്ല.

ശ്രീ. എ. താണുപിള്ള: ഈ കാര്യത്തിൽ ഇത്ര കാലതാമസം വരുവാൻകാര്യമെന്താണ്?

ശ്രീ. എൽ. എം. പൈലി: വൈസ് ചാൻസലരായി പ്രശസ്തനായ ഒരാളെ കിട്ടുന്നതിനാണ് കാലതാമസത്തിനു കാരണം.

ശ്രീ. എ. താണുപിള്ള: വൈസ് ചാൻസലരെ സംബന്ധിച്ചിടത്തോളം പ്രശസ്തൻ എന്നുള്ളതിനെ സംബന്ധിച്ച് എന്താണ് വിവരണം?

Mr. Speaker: That is not a request for information.

Sri. A. Thanu Pillai: I wish to know the position of the Government in regard to this important problem. We are educationally very much advanced. I wish to know whether it is the Government's idea that there is nobody in Travancore-Cochin who can fill the place of the Vice-Chancellor.

Mr. Speaker: It is an important matter, no doubt. It is also a question of opinion which may differ with different people.

Sri. A. Thanu Pillai: I wish to know the terms and conditions on which Sir Ramawami Mudaliar has agreed to accept the Vice-Chancellorship.

Sri. L. M. Pylee: The conditions have not been finally settled.

Sri. A. Thnu Pillai: So, am I to understand that Sir Ramaswami Mudaliar has accepted the place without knowing the condition ?

Mr. Speaker: It is an argument. The question need not be answered.

Sri A. Thanu Pillai: I wish to know whether this Government offered the Vice-Chancellorship without fixing any conditions,

Sri. C. Kesavan: We have not arrived at any fixed conditions. But we have made some proposals to him, and he has accepted them.

Sri. A. Thanu Pillai: What are those proposals ?

Sri. C. Kesavan: I do not think it is advisable to divulge them at this stage.

Sri. A. Thanu Pillai: May I know whether it is a fact that when he is appointed Vice-Chencellor, he will be an *in absentia* Vice-Chancellor, with some Pro-Vice-Chancellor doing his work, and that he will only lend his name to the University, spending his days in Geneva, Delhi or Agra ?

Sri. C. Kesavan: He might be going to Geneva. We certainly cannot pin him down to this place. But he will be here to discharge the work of his office.

Sri. A. Thanu Pillai: Is there a proposal to appoint a Pro-Vice-Chancellor also ?

Mr. Speaker: As the question has not been fully settled, it is not desirable to go further into that question at this stage.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ വൈസ് ചാൻസിലറുടെ ശമ്പളം എന്താണെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അദ്ദേഹം ശമ്പളത്തിനുവേണ്ടി വരികയല്ല.

Sri. Elias Mary Antony: Has he consented to remain in Trivandrum ?

Sri. C. Kesavan: He has consented to go over to Trivandrum to transact the University's business.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അപ്പോൾ ആണാററിയായിട്ടാണോ വൈസ്ചാൻസിലർ ഉദ്യോഗം വഹിക്കാൻ പോകുന്നതു്.

ശ്രീ. സി. കേശവൻ: അതെ.

Sri. P. Balakrishnan Tampi: May I know from the Chief Minister whether, after the establishment of the Republic, this Government can insist upon giving appointments in the State only to citizens living in this State? Is it not against the Constitution to insist that the Vice-Chancellor should be a person belonging to this State? The only question is that he should be an Indian.

Sri. C. Kesavan: The question is self-explanatory and does not call for an answer.

പ്രിൻസിപ്പാളിന്റെ നിയമനം

* ൧൦. (൧൩) ശ്രീ. പാണ്ഡവത്തു ശങ്കരപ്പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒന്നാംഗ്രേഡായി ഉയർത്തിയ സംസ്കൃത കോളേജിലെ പ്രിൻസിപ്പാളിന്റെ നിയമനം നടത്തിക്കഴിഞ്ഞോ;

(ബി) യൂണിവേഴ്സിററിയിലുണ്ടാകുന്ന ൪൫൦-രൂപാമുതൽ ശമ്പളസ്കെയിലിലുള്ള ഉദ്യോഗങ്ങൾക്കു് പുതുതായി അപേക്ഷ ക്ഷണിച്ചു് നിയമനം നടത്തണമെന്ന നിയമം സംസ്കൃതകാളേജ് പ്രിൻസിപ്പാളിന്റെ നിയമന കാര്യത്തിൽ അനുവർത്തിച്ചിട്ടുണ്ടോ;

(സി) ഇപ്പോഴത്തെ പ്രിൻസിപ്പാളിന് ൪൫൦—൭൫൦ രൂപ ശമ്പളസ്കെയിലിൽ നിയമിക്കത്തക്ക യോഗ്യതയുണ്ടോ?

(ഡി) യൂണിവേഴ്സിററി സർവീസിൽ സംസ്കൃതഭാഷാ സംബന്ധമായി ഡാക്ടർ ബിരുദം നേടിയിട്ടുള്ളവർ ആരെങ്കിലും ഉണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) ഒരു പുതിയ നിയമനത്തിനു് ആവശ്യം വന്നിട്ടില്ല. പക്ഷെ നവീകരിച്ച കാളേജിലെ പ്രിൻസിപ്പാളിന്റെ നിയമനകാര്യത്തെപ്പററി ഗവമ്മെണ്ടിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

(ബി) ഈ നിയമം പ്രസ്തുത നിയമനത്തെ സംബന്ധിച്ചിടത്തോളം ആവശ്യമായി വന്നിട്ടില്ല.

(സി) ഉണ്ടു്.

(ഡി) ഉണ്ടു്.

Sri. A. K. Patchu Pillai: The existing staff will continue എന്നു വല്ല ഒരു ആർഡറും ഗവമ്മെണ്ടു് പാസാക്കിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: പ്രത്യേകമായി ഒരു ആർഡർ പാസാക്കിയിട്ടുണ്ടോ എന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: പ്രിൻസിപ്പാളിന്റെ ശമ്പളത്തെ സംബന്ധിച്ചിടത്തോളം ഗവമ്മെണ്ടു് എന്തു് ആർഡർ ആണു് പാസാക്കിയിട്ടുള്ളതു്?

ശ്രീ. എൽ. എം. പൈലി: ഈ കാളേജ് ഒരു സെക്കണ്ടു് ഗ്രേഡു് കാളേജായിരുന്നു. അതൊരു ഒന്നാംഗ്രേഡ് കാളേജായി ഉയർത്തി. സെക്കണ്ടു് ഗ്രേഡ് കാളേജിലെ പ്രിൻസിപ്പാൾ തന്നെ അവിടെ പ്രിൻസിപ്പാളായി ജോലി തുടർന്നുവരികയാണു്. ഇപ്പോൾ ഒരു പ്രിൻസിപ്പാൾ ആ കാളേജിൽ ജോലി നോക്കുന്നുണ്ടു്. അതുകൊണ്ടു് തൽക്കാലം അവിടെ ഒഴിവു വന്നിട്ടില്ല

Sri. P. Balakrishnan Tampi: Is the Government aware that the present incumbent is a scholar of international repute among orientalists and sanskrit scholars and that he is a man of outstanding ability?

Sri. L. M. Pylee: Yes.

ശ്രീ. കെ. ഏ. മാത്യു: എല്ലാ ഫസ്റ്റ്ഗ്രേഡ് കാളേജുകളിലേയും പ്രിൻസിപ്പാളന്മാരുടെ ഗ്രേഡ് എന്താണെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: അതിന് നോട്ടീസ് വേണം.

ശ്രീ. കെ. ഏ. മാത്യു: വല്ല ഫസ്റ്റ് ഗ്രേഡ് കാളേജുകളിലേയും പ്രിൻസിപ്പാളന്മാർക്ക് അവരുടെ ന്യായമായി ലഭിക്കേണ്ട ശമ്പളം കൊടുക്കാതെ ഉണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനു നോട്ടീസുവേണം.

INDUSTRIAL LOANS

*11. [14] **Sri. Paul Thaliat** Will the hon. Minister for Finance b pleased to state.—

(*a*) whether any industrial loans were given in 1951;

(*b*) if so, the names of the individuals or Associations to whom such loans were granted with the amounts in each case; and

(*c*) the names of the industrial concerns in which the Government have taken shares in 1951, with the amount invested in each case respectively?

Minister for Finance and Food **(Sri. K. M. Korah)**;

(*a*) Yes.

(*b*) The Fertilizers and Chemicals Ltd., Rs. 22 lakhs in 1951 in two instalments of Rs. 15 lakhs and Rs. 7 lakhs for the establishment of a Caustic Soda plant, at 4½ per cent per annum on the security of the entire assets of the Company.

(*c*) The United Electrical Industries Ltd., 27,500 ordinary shares of Rs. 10 each.

ശ്രീ. പാറം തളിയത്തു്: ഈ കാസ്റ്റിക്ക് സോഡാ പ്ലാൻറ് സ്ഥാപിച്ചിട്ടുള്ള കമ്പനിയിൽനിന്നും ഗവർമ്മെൻറ് ഷെയർ എടുത്തിട്ടുണ്ടോ?

Sri. K. M. Korah: The Company has not yet been started. It is only in the stage of formation. This amount has been advanced to the Company as a loan by the Government.

ശ്രീ. പാറം തളിയത്തു്: അങ്ങിനെ ലോൺ കൊടുത്തിട്ടുള്ളതു് എന്തു വ്യവസ്ഥയിലാണ്?

ശ്രീ. കെ. എം. കോര: അതു് നാലരശതമാനം പലിശയോടുകൂടി ഗവമ്മെണ്ടിൽനിന്നും അവരുടെ കമ്പനിവക സാധനങ്ങളുടെ ഉറപ്പിന്മേൽകടം കൊടുത്തിരിക്കയാണ്.

ശ്രീ. പാറം തളിയത്തു്: അതു കമ്പനി ഷെയർ വില്ക്കുമ്പോറം ഷെയറായി കൺവർട്ടു് ചെയ്യുമോ?

ശ്രീ. കെ. എം. കോര: അതേപ്പററി തീരുമാനം ഒന്നും ചെയ്തിട്ടില്ല.

Sri. K. Ramachandran: Have Government any scheme for giving assistance to minor cottage industries?

Sri. K. M. Korah: That question does not arise.

ശ്രീ. കെ. രാമചന്ദ്രൻ: കാട്ടേജ് ഇൻഡസ്ട്രീസിന് ഗവമ്മെണ്ടിൽനിന്നും ലോൺ കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അതേസംബന്ധിച്ച അപേക്ഷ വന്നാൽ ഗവൺമെണ്ടിൽനിന്നും വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. കെ. രാമചന്ദ്രൻ: അതേസംബന്ധിച്ച വല്ല പദ്ധതികളും ഗവൺമെണ്ട് നടപ്പിൽ വരുത്തിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അതേസംബന്ധിച്ച പദ്ധതികൾ ഉണ്ട്. അതിലേക്കുള്ള പണവുമുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ലോണായിട്ടും ഓഹരി ഇനത്തിലും ആകപ്പാടെ എത്ര തുക എഫ്.എ.സി.ടി. ക്ക് ഇതുവരെ കൊടുത്തിട്ടുണ്ട്?

ശ്രീ. കെ. എം. കോര: അതിനു നോട്ടീസുവേണം.

ശ്രീ. പാൾ തളിയത്ത്: ഈ ലോൺ കൊടുത്തിട്ടുള്ളത് എന്തു ഉറപ്പിന്മേലാണ്?

ശ്രീ. കെ. എം. കോര: ഇപ്പോൾ കൊടുത്തിരിക്കുന്ന ലോണിനു കാസ്റ്റിക്ക് സോഡാ പ്ലാൻറിന്റെ സാധനങ്ങൾ ഗവൺമെണ്ടിലേക്ക് സെക്യൂറിററി വച്ചിട്ടുണ്ട്.

ശ്രീ. പാൾ തളിയത്ത്: കാസ്റ്റിക്ക് സോഡാ പ്ലാൻറ് പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പ് അതു് ലോൺ വയ്ക്കുന്നതെങ്ങനെയാണ്?

ശ്രീ. കെ. എം. കോര: ഇപ്പോൾ ലോൺ വച്ചിരിക്കുന്നതു് മേട്ടൂർ കെമിക്കൽസ് എന്നു് ഒരു കമ്പനി ഉള്ളതിന്റെ സാധനങ്ങളാണ്.

ശ്രീ. പാൾ തളിയത്ത്: അതു് തിരു-കൊച്ചി സംസ്ഥാനത്തു് റജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനിയാണോ?

ശ്രീ. കെ. എം. കോര: അതു് തിരുവിതാംകൂർ മേട്ടൂർ കെമിക്കൽസ് എന്നും പറയുന്നുണ്ട്. ഇതു രണ്ടിന്റെയും മാനേജ്മെൻറും ഏജൻസിയും ഒന്നു തന്നെയാണ്.

ശ്രീ. പാൾ തളിയത്ത്: ഒരു കമ്പനിയുടെ സാധനങ്ങൾ വച്ചുകൊണ്ട് വേറൊരു കമ്പനിക്ക് ലോൺ കൊടുക്കാമൊ?

Mr. Speaker: The member is proceeding to a discussion.

UNIONS AND PANCHAYATS

*12. [15] **Sri. Paul Thaliat**: Will the hon. Minister for Unions and Panchayats be pleased to state.—

(a) whether the Budgets of all the Unions and Panchayats for 1951-52 have been sanctioned;

(b) if so, the date on which the Budgets have been sanctioned; and

(c) if not the reason for the delay?

Minister for Industries and Labour **(Sri. P. K. Krishnankutty Menon):**

(a) No.

(b) and (c) About 40 Budgets have been passed till now Of the 197 Village Unions, only 137 Unions have sent their budgets to the Director of Panchayats. Of these only 27 estimates have been received from the Examiner of Local Fund Accounts after verification. He says that the remaining will be sent soon. There will not be any avoidable delay in passing the estimates by the Government.

ശ്രീ. പാൾ തളിയത്ത്. ഈ ബഡ്ജററ് സാങ്ഷൻചെയ്യ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കുക എന്നുള്ള ജോലി അല്ലാതെ മററൊന്നും ചെയ്യുന്നില്ല എന്നുള്ള സംഗതി ഗവൺമെൻറിനറിയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: സാധാരണയായി തുലാമാസം മുതലാണ് ബഡ്ജറ്റ് പാസ്സാക്കുന്നത്. അതിന് മുമ്പ് അത്യാവശ്യമായി ഏതെങ്കിലും തുക ചെലവാക്കേണ്ടതായി വന്നാൽ അതിലേക്ക് ൨൦൦ രൂപാവരെയുള്ള സംഖ്യ അനുവദിക്കുന്നതിനു പഞ്ചായത്തു ഡയറക്ടർക്കു അധികാരവുമുണ്ട്.

ശ്രീ. ഏ. താണുപിള്ള: തുലാമാസത്തിൽ ബഡ്ജറ്റ് പാസ്സാക്കിക്കഴിഞ്ഞാൽ പിന്നെ ബഡ്ജറ്റ് വർഷത്തിന് എത്ര മാസം ഉണ്ട്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇതനുസരിച്ചുനോക്കുമ്പോൾ ഉദ്ദേശം ഏഴുമാസത്തോളമുണ്ട്.

ELECTRICITY TO VARAPUZHA

*13. [16] **Sri. Paul Thaliath:** Will the hon. Minister for Public Works be pleased to state.—

(a) whether the work of extending electricity to Varapuzha in Parur taluk has been taken up ;

(b) if the answer is in the negative when the work will be started ; and

(c) if the answer is in the affirmative, when the work will be finished ?

Minister for Public Works **(Sri. G. Chandrasekhara Pillai) :**

(a) The work is being taken up.

(b) Does not arise.

(c) If the materials become available the work will be completed before the close of the financial year.

FOOD

*14. [17] **Sri. D. Gnanasigamoni:** Will the hon. Minister for Food be pleased to state.—

(a) the present stock position of food in the State.—

(b) the quantity needed for normal requirements calculated at the rate of 12 oz. per head ?

(c) the present rate of ration ; and

(d) whether any further reduction of ration is contemplated ?

Minister For Finance and Food **(Sri. K. M. Korah):**

(a) The stock of food in the State on 8th September 1951 was—

(i) Rice including local paddy in terms of rice	..	9,945 tons
(ii) Wheat ..	..	1,934 tons
(iii) Milo ..	..	1,078 tons.

(b) The total requirements at the rate of 12 ozs. are estimated for 1951 at 5,68,000 tons.

(c) The scale of ration from 16th September 1951 is $4\frac{1}{2}$ ozs. rice and $4\frac{1}{2}$ ozs. of wheat or milo, 2 ozs. of wheat or milo being compulsory.

(d) No.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഒരു മാസത്തെ ഉപയോഗത്തിന് എത്ര ടൺ ആഹാരസാധനങ്ങൾ ആവശ്യമുണ്ട്?

ശ്രീ. കെ. എം. കോര: ഉദ്ദേശം ൨൫,൦൦൦ ടൺ.

Sri. D. Ganasigamoni: Are there complaints from any place about the rate of the rations?

Sri. K. M. Korah: No complaint has come to Government.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇപ്പോഠം നിലവിലിരിക്കുന്ന അളവു വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

ശ്രീ. അമ്പാട്ടു് ഈശ്വരമേനോൻ: ഇപ്പോഠം ഞങ്ങളുടെ നാട്ടിൽ കിട്ടുന്ന മൈലോ വളരെ മോശമാണെന്നറിയാമോ?

ശ്രീ. കെ. എം. കോര: അതേസംബന്ധിച്ചു ഗവമ്മെൻറിനറിവില്ല. ചീത്ത സാധനമാണു് ലഭിച്ചിട്ടുള്ളതെങ്കിൽ അതേസംബന്ധിച്ചു തീർച്ചയായും അന്വേഷിക്കാം.

ക്ഷേത്ര ദഹനം

*൧ ൭. (൧ വു) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങഠക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ശബരിമല ക്ഷേത്രദഹനം സംബന്ധിച്ചു് മേലിൽ അന്വേഷണം നടത്തേണ്ട എന്നു സെൻട്രൽ ഗവമ്മെൻറിൽനിന്നും ഈ ഗവമ്മെൻറിലേക്കു് വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ;

(ബി) ആ സംഭവം സംബന്ധിച്ചു് അന്വേഷിക്കുന്നതിനു സ്പെഷ്യൽ ഡ്യൂട്ടിയിൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്; ആരെയെല്ലാം;

(സി) അവരുടെ അന്വേഷണഫലമായി വല്ല തെളിവും കിട്ടിയിട്ടുള്ളതായി ഗവമ്മെണ്ടിനു അറിവു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ശ്രീ. കേശവമേനോൻെറ അന്വേഷണത്തിനു ശേഷം അന്വേഷണം നടത്തുവാനായി ഒരു സക്കിഠം ഇൻസ്പെക്ടർ, ഒരു സബ്ഇൻസ്പെക്ടർ, മൂന്നു ഹെഡ്കോൺസ്റ്റബിഠംമാർ, ആറു കാൺസ്റ്റബിഠംമാർ എന്നിവരെ നിയമിച്ചിട്ടുണ്ടു്.

(സി) ഇപ്പോഠം അതിനെപ്പററി കൂടുതൽ വിവരങ്ങഠം പറയുന്നതു യുക്തമായി തോന്നുന്നില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതിനെസംബന്ധിച്ചു ശ്രീ. കേശവമേനോൻെറ അന്വേഷണത്തിൽ കവിഞ്ഞ വല്ല തെളിവുകളും ഇവക്കു കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഒഫീഷ്യലായി ഒന്നും കിട്ടിയിട്ടുള്ളതായി അറിവില്ല.

ശ്രീ. കെ. രാമചന്ദ്രൻ: ഇതിനെപ്പററി കാര്യക്ഷമമായി അന്വേഷിക്കവാൻ എതെങ്കിലും ഒരു നോൺഅഫീഷ്യൽ ബോഡിയെ നിയമിക്കവാൻ വല്ല വിരോധമുണ്ടോ?

(No Answer.)

ശ്രീ. മാന്നാർ ഗോപാലൻ നായർ: സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുള്ളവരുടെ കാലാവധി തീന്നുവോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ സ്പെഷ്യലാഫീസക്കു് ശ്രീ. കേശവമേനോൻെറ അന്വേഷണത്തിൽ കവിഞ്ഞ വല്ല തെളിവും കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ ടി. എ മൈതീൻകുഞ്ഞു: ഈ ക്ഷേത്രദഹനം സംബന്ധിച്ചു് ചീഫ്മിനിസ്റ്റർ "ഒരു ക്ഷേത്രം നശിച്ചാൽ അത്രയും അന്ധവിശ്വാസം തീരും" എന്നു പ്രസ്താവിച്ചിട്ടുണ്ടോ?

Sri. C. Kesavan : I do not wish to answer that question.

Mr. Speaker: That question is disallowed.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ഇത്രകാലത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കണമെന്നു് അവർക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവരെ നിയമിച്ചിട്ടുള്ളതു ഫുൾടൈം വക്കേഴ്സായിട്ടാണോ?

ശ്രീ. സി. കേശവൻ: അതെ.

മണ്ണെണ്ണയും ധാതുക്കളും

*൫൮. (൫൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഖനനവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഏലവന്തിട്ടയിലുള്ള പുതോ മലയിൽനിന്നു് മണ്ണെണ്ണയും മററു ചില ധാതുക്കളും എടുക്കാൻ സാധിക്കുന്നതാണെന്നുള്ള പത്രപ്രസ്താവനകൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ചു വല്ല പര്യവേക്ഷണവും നടത്തണമെന്നു ഗവൺമെൻറാലോചിക്കുന്നുണ്ടോ;

(ബി) ഇതേ സംബന്ധിച്ചു് സെൻട്രൽ ഗവൺമെണ്ടിൽനിന്നും പര്യവേക്ഷണങ്ങൾ നടത്തുന്നതാണെന്നു തനിക്കു് അറിവുകിട്ടിയിട്ടുണ്ടെന്നു് ശ്രീ. ചിത്രമെഴുത്തു കെ. എം. വറുഗീസ് ൧൯൫൫ ആഗസ്റ്റ് ൩൧-ാം തീയതിയിലെ മലയാളമനോരമയിൽ എഴുതിയിരുന്ന ലേഖനം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതു സംബന്ധിച്ചു സെൻട്രലിൽനിന്നും ഈ ഗവൺമെണ്ടിലേക്കു് വല്ല അറിയിപ്പും ഉണ്ടായിട്ടുണ്ടോ?

വ്യവസായവും,തൊഴിലും വകുപ്പുമന്ത്രി (ശ്രീ.പി.കെ. കുഞ്ഞൻകുട്ടിമേനോൻ):

(എ) ഉണ്ടു്; തൽക്കാലം ആലോചിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്, അറിയിപ്പു് ഒന്നും ഉണ്ടായിട്ടില്ല.

പബ്ലിക്കു് റിലേഷൻസ് ഡയറക്ടർ

*൫൧. (൨൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടിനൽകുമോ.—

(എ) ഇപ്പോഴത്തെ പബ്ലിക്കു് റിലേഷൻസ് ഡയറക്ടർ ആരാണു്; അദ്ദേഹത്തെ ഈ സ്ഥാനത്തിൽ നിയമിക്കാനുണ്ടായ പ്രത്യേക കാരണങ്ങൾ എന്താണു്;

(ബി) മുൻ പബ്ലിക്കു് റിലേഷൻസ് ഡയറക്ടർ ശ്രീ. എം. കെ. ദേവസ്സിയെ ആ സ്ഥാനത്തുനിന്നു മാററുന്നതിനുള്ള കാരണമെന്തു്;

(സി) പബ്ലിക്ക സർവ്വീസുകമ്മീഷൻ ശ്രീ. എം. കെ. ദേവസ്സിയെ അല്ലെ തിരഞ്ഞെടുത്തതു്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) മിസ്റ്റർ ദാമോദരൻ, സർവ്വീസിന്റെ ആവശ്യകതയെ പരിഗണിച്ചു്.

(ബി) എ.യുടെ ഉത്തരം നോക്കുക.

(സി) അതേ.

ശ്രീ. അലക്സാണ്ടർ വാകയിൽ: പബ്ളിക്ക് റിലേഷൻസ് ഡയറക്ടരായി പബ്ളിക്ക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുത്തതു മി. ദേവസ്സിയെ ആയിരുന്നില്ലേ? പിന്നെ അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നും മാററി ശ്രീ. ദാമോദരനെ നിയമിക്കുവാൻ കാരണമെന്താണു്?

ശ്രീ. സി. കേശവൻ: പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാർ ആയുഷ്കാലംവരെ അവിടെത്തന്നെ ഇരുന്നുകൊള്ളണമെന്നില്ല.

ശ്രീ. അലക്സാണ്ടർവാകയിൽ: മി. എം. കെ. ദേവസ്സി കൊച്ചിവിഭാഗത്തിൽ പബ്ലിക്ക് റിലേഷൻസ് ഡയറക്ടരായി പ്രശസ്തമായ സേവനം നിർവഹിച്ചിരുന്ന ആളാണെന്നറിയാമോ?

Mr. Speaker: That is a matter of opinion.

മെഡിക്കൽ കാളേജിലേക്കുള്ള തിരഞ്ഞെടുപ്പു്

* ൩൭. (൨൨) ശ്രീ. അലക്സാണ്ടർവാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മെഡിക്കൽ കാളേജിലേക്കുള്ള പ്രവേശനത്തിനു എത്ര അപേക്ഷകന്മാരുണ്ടായിരുന്നു; എത്രപേർ തിരഞ്ഞെടുക്കപ്പെട്ടു;

(ബി) ആരാണു് തിരഞ്ഞെടുപ്പു് നടത്തിയതു്;

(സി) എന്തു് തത്വത്തെ അടിസ്ഥാനമാക്കിയാണു് തിരഞ്ഞെടുപ്പു് നടത്തിയതു്;

(ഡി) ഫിസിക്കൽ എക്സർസൈസിനു എത്ര മാർക്കാണു് മാക്സിമം നിശ്ചയിച്ചിരുന്നതു്; മാക്സിമം മാർക്കു് എത്രപേർക്കു് കൊടുത്തു; അവർ ആരെല്ലാം;

(ഇ) കുമ്പളങ്ങി സ്വദേശിയായ എ. എച്ചു്. വെങ്കിടേശപരമേശ്വരനായി എന്ന അപേക്ഷകനു സബ്ജക്റ്റ്സിൽ എത്രമാർക്കു് ലഭിച്ചിരുന്നു; ഫിസിക്കൽ എക്സർസൈസിനു എത്ര മാർക്കാണു് കമ്മററിക്കാർ കൊടുത്തതു്;

(എഫ്) എന്തുകൊണ്ടാണു് ഈ അപേക്ഷകൻ തിരഞ്ഞെടുക്കപ്പെടാതിരുന്നതു്;

(ജി) സമുദായം തിരിച്ചു തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരു് വായിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഒടുക്കപ്പാടെ കിട്ടിയിട്ടുള്ള അപേക്ഷകൾ ൩൪൩, അംഗീകരിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം ൪൭൧, തിരഞ്ഞെടുത്തതു ൩൦ പേരെ.

(ബി) ചീഫ്സെക്രട്ടറി, യൂണിവേഴ്സിററി രജിസ്ട്രാർ, സർജൻജനറൽ, പബ്ളിക്ക് ഹെൽത്തു ഡയറക്ടർ, പ്രിൻസിപ്പാൾ ഇവരുൾപ്പെട്ട സെലക്ഷൻ ബോർഡ്.

(സി) യോഗ്യതയെ അടിസ്ഥാനപ്പെടുത്തി ൭൦ ശതമാനവും, പരീക്ഷായോഗ്യതകളും മററുയോഗ്യതകളും അടിസ്ഥാനപ്പെടുത്തി ൩൦ ശതമാനവും.

(ഡി) ൨൦ ശതമാനം ൫൦൦-ം, ൧൦൦-ം മാൎക്കു് മൂന്നു പുരുഷന്മാൎക്കും ഒരു സ്ത്രീക്കും കൊടുത്തിട്ടുണ്ടു്.

(൧) ശ്രീ. രാജു ഈശോ.
(൨) ,, കെ. ജി. കോട്ടൂർ.
(൩) ,, മാത്യു തോമസ്സ്.
(൪) ശ്രീമതി ലീല ജോൺ.

(ഇ) ൩൦൧ മാൎക്കു് ഫിസിക്കൽ എക്സർസൈസിനു മാൎക്കൊന്നും കിട്ടിയില്ല. ഗെയിംസ്കാലത്തിൽ അപേക്ഷകൾ ഒന്നും എഴുതിയിരുന്നില്ല. മൊത്തത്തിൽ ൩൧൯ മാൎക്കിൽ കുറഞ്ഞ ആരും ഇതിൽ ഉൾപ്പെടുന്നില്ല. സമുദായം അനുസരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്*.

ശ്രീ. അലക്സാണ്ടർ വാകയിൽ: അതു വായിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: ലിസ്റ്റ് വേണമെങ്കിൽ വായിക്കാം. അതു വലിയ ഒരു ലിസ്റ്റാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: മറ്റുയോഗ്യതകൾ എന്നുപറഞ്ഞതു എന്തെല്ലാമാണു്?

ശ്രീ. സി. കേശവൻ: ഗെയിംസ് പ്രധാനമായിട്ടു്, ലിറ്ററെറി, സയിൻസ് തുടങ്ങിയുള്ളതാണു് മറ്റുയോഗ്യതകൾ. ഇങ്ങനെ യോഗ്യതകൾ രണ്ടുവിധത്തിലുണ്ടു്.

കമ്മ്യൂണിസ്റ്റു പാർട്ടി

* എൻ. (൨൩) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെകാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ;

(എ) ആഗസ്റ്റുമാസത്തിൽ അറസ്റ്റ്ചെയ്തു തടങ്കലിലാക്കിയിട്ടുള്ള കമ്മ്യൂണിസ്റ്റു പാർട്ടിയിൽ പെട്ടവരുടെ എണ്ണവും പേരുവിവരവും;

(ബി) ഇവരിൽ ചേൎത്തല താലൂക്കുകാർ എത്ര, ആരെല്ലാം?

മുഖ്യമന്ത്രി (ശ്രീ സി. കേശവൻ):

(എ) ൩൫.

(ബി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്†; വായിക്കണമെന്നുണ്ടെങ്കിൽ വായിക്കാം.

ശ്രീ. എ. താണുപിള്ള: അതിന്റെ ആകെയുള്ള നമ്പർ പറയാമോ?

ശ്രീ. സി. കേശവൻ: അഞ്ചു്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: പ്രിവൻറീവ് ഡിറ്റൻഷൻ ആക്ടിൻ പ്രകാരം തടവിൽ വയ്ക്കപ്പെട്ടവരുടെ പേരു പറയാമോ?

ശ്രീ. സി. കേശവൻ: അതു വേണമെങ്കിൽ പറയാം.

മിസ്റ്റർ സ്പീക്കർ: അതിന്റെ ആവശ്യം കാണുന്നില്ല. The list is on the table for reference at any time.

TOURISTS' AGENCY

*20. [24] **Sri. Joseph Mathen:** Will the hon. Chief Minister be pleased to state,—

(*a*) whether the Goverement have entered into an agreement with any Joint Stock Company to lease out certain Government buildings (T. Bs., Hotels and Rest

---

*Please See Appendix II, pages 44 and 45
†Please See Appendix III, pages 45 and 46

houses) in important towns and health resorts to run their business; if so please state (1) the Name of the Company; (2) the period for which the lease is made; (3) the circumstances that induced the Government to lease out these buildings to this particular company;

(*b*) whether the Government have given due publication of their intention so as to know whether a more favourable agreement could be entered into with any other firm who were willing to undertake the business; if so what was the nature of the publication and if not why not?

Chief Minister **(Sri. C. Kesavan):**

(*a*) (1) and (2) The Government have recognised the Travancore-Cochin Travel Bureau, Ltd., Trivandrum, as the Tourists' Agency in this State for a period of 5 years.

(3) This was the only Company that took any initiative in the matter and was supported by the Government of India.

(*b*) The Government of India had asked all State Governments to initiate Tourists' Agencies and their policy statements appeared in the Press. Two companies arose out of these statements and they subsequently joined together.

Sri. Mannar Gopalan Nair: May I know whether the hon. Chief Minister was a Managing Director of the Company?

Sri. C. Kesavan: In fact, no.

Sri. Mannar Gopalan Nair: Was the Chief Minister a Director of the Board of the Company?

Sri. C. Kesavan: I wish to explain the position. When the Company was being organized one of the sponsors of the Company approached me and got my consent to be a Director. I signed the application. But then I had not taken any shares and I had no other interest in it and later I withdrew my application.

ശ്രീ കെ. എ. മാത്യു: ഗവൺമെൻറ കെട്ടിടങ്ങൾ ഏല്പിച്ചപ്പോൾ അതിന്റെ വാടക നിശ്ചയിച്ചത് ആരാണ് ?

ശ്രീ. സി. കേശവൻ: ഗവൺമെൻറുതന്നെയാണ്.

ശ്രീ. കെ. എ. മാത്യു: അതു പൊതുമരാമത്തു ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചതിനു ശേഷമാണോ നിശ്ചയിച്ചത്?

ശ്രീ. സി. കേശവൻ: അതെ.

Sri. K. Ramachandran: May I take it that the Chief Minister has no interest in the progress of the Company?

Sri. C. Kesavan: Absolutely not.

Mr. Speaker: We are only concerned with his position as Chief Minister The answer given by the Chief Minister is that he has no interest.

Sri. D. Gnanasigamoni: Are there any provisions in the agreement whereby Government can back out of its contract at any time?

Sri. C. Kesavan: There are provisions. We have got a provision by which the Company can be asked to quit, at three months notice.

Sri. D. Gnanasigamoni: May I know whether the Government will consider the desirability of giving up this concern—by cancelling this agreement?

Mr. Speaker: That is a suggestion for action.

Sri. A. P. Udayabhanu: May I know whether the Chief Minister did not consent to be a Director?

Sri. C. Kesavan: The matter has already been explained.

ശ്രീ. കെ. എ. മാത്യു: അതു് ചീഫ് മിനിസ്റ്റർ ആയതിനുശേഷമോ, അതിനു മുമ്പോ?

ശ്രീ. സി. കേശവൻ: അതിനുശേഷമാണെന്നാണു് തോന്നുന്നതു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: മാനേജിംഗ് ഡയറക്ടർ ആരാണെന്നറിഞ്ഞതുകൊണ്ടാണോ റിസൈൻ ചെയ്തതു്:

ശ്രീ. സി. കേശവൻ. അന്നു് മാനേജിംഗ് ഡയറക്ടർ ആരാണെന്നു നിശ്ചയിച്ചിട്ടില്ലാത്ത കാലമാണു്

ചങ്ങനാശ്ശേരി—ആലപ്പുഴ റോഡ്

*൨൧. (൨൭) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചങ്ങനാശ്ശേരി–ആലപ്പുഴ റോഡും തോടും എന്ന പദ്ധതിക്കു് പകരം ചങ്ങനാശ്ശേരി–ആലപ്പുഴ റോഡുമാത്രം മതിയെന്നും, ആലപ്പുഴനിന്നും ചങ്ങനാശ്ശേരിക്കു് കാവാലംവഴി ഇപ്പോൾതന്നെ ഒരു തോടുള്ള സ്ഥിതിക്കു് ഒരു പുതിയ തോടിന്റെ ആവശ്യമില്ലെന്നും കാണിക്കുന്ന നിവേദനം ഗവമ്മെൻറിനു ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെന്തു നടപടി നടത്തി:

(ബി) ചങ്ങനാശ്ശേരി–ആലപ്പുഴ റോഡ് പുളിംകുന്നു്, മങ്കൊമ്പു് മുതലായ ജനങ്ങൾ തിങ്ങിപ്പാക്കുന്ന ഗ്രാമങ്ങളിൽക്കൂടി കടന്നുപോകത്തക്ക വണ്ണം നടപടി നടത്തണമെന്നപേക്ഷിക്കുന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെന്തു തീരുമാനമെടുത്തു;

(സി) ഈ പദ്ധതിക്കു ഉദ്ദേശം എന്തു ചിലവുവരുമെന്നു് കണക്കാക്കിയിട്ടുണ്ടു്;

(ഡി) ഈ ജോലി തുടങ്ങുന്നതിനു മുമ്പു് ഇതിനു് വേണ്ടിവരുന്നതുകയ്ക്കു് ഫിനാൻസു കമ്മിററിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു മുമ്പു് ഈ ജോലി ആരംഭിക്കാൻ വല്ല അത്യാവശ്യവും നേരിട്ടോ;

ധനകാര്യമന്ത്രി (ശ്രീ. കെ. എം. കോര):

(എ) നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്. അതിനു് അനുയോജ്യമായ നടപടികളും എടുത്തിട്ടുണ്ടു്.

(ബി) നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്. ഒരു തീരുമാനം എടുക്കുന്നതിനു മുമ്പായിട്ടു് ഈ നിവേദനങ്ങൾ പരിഗണിക്കപ്പെട്ടിട്ടുണ്ടു്.

(സി) ൩൫-ൻ ലക്ഷം രൂപ.

(ഡി) ബഡ്ജററിൽ വേമ്പനാടൻ സ്കീമിനു് കൊള്ളിച്ചിട്ടുള്ള തുകയിൽനിന്നും ഇതിനു വേണ്ടപണം ചിലവാക്കുന്നതാണു്. വേമ്പനാടൻ പദ്ധതിയിൽനിന്നും എടുക്കുവാൻ സ്റ്റാൻറിംഗ് ഫൈനാൻസ് കമ്മിററിയുടെ അനുവാദം ലഭിച്ചിട്ടുണ്ടു്. കട്ടനാടൻപദ്ധതി വേമ്പനാടൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടു്. ഈ പണി ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണു് പണി തുടങ്ങുവാൻ അനുവാദം നൽകിയതു്.

ശ്രീ. ജോസഫ് മാത്തൻ: ജനങ്ങൾ തിങ്ങിപ്പാക്കുന്ന ഗ്രാമങ്ങളിൽക്കൂടി കടന്നുപോകത്തക്കവണ്ണം വേണമെന്നുള്ളതാണോ നിവേദനങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ളതു്? അതനുസരിച്ചാണോ തീരുമാനിച്ചിട്ടുള്ളതു്?

ശ്രീ. കെ. എം. കോര: അതിനു സമീപത്തുകൂടി കടന്നുപോകണമെന്നുള്ളതാണു് തീരുമാനം.

ശ്രീ. ജോസഫ് മാത്തൻ: ആററിൻെറ ഏതുകരയിൽകൂടി പോകുന്നമെന്നാണ്?

ശ്രീ. കെ. എം. കോരാ: തെക്കെ കരയിൽകൂടി.

ശ്രീ. ജോസഫ് മാത്തൻ: ഈ പദ്ധതിയനുസരിച്ച് പുളിംകുന്ന്—കാവാലം ഭാഗത്തു ഒരു പാലം കെട്ടാതെ സാധിക്കുമോ?

ശ്രീ. കെ. എം. കോരാ: അതും ഗവമെൻറിൻെറ ശ്രദ്ധയിൽ പതിയുന്നതാണ്

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ പുതിയ പദ്ധതിയിൽ എത്ര പാലങ്ങൾ ഉണ്ടായിരിക്കും?

ശ്രീ. കെ. എം. കോരാ: മൂന്നു പാലങ്ങൾ.

ശ്രീ. വി. ഒ. മാക്കോസ്: ഈ പദ്ധതി പരസ്യപ്പെടുത്താമോ?

ശ്രീ. കെ. എം. കോരാ: പരസ്യപ്പെടുത്തുവാൻ വിരോധമില്ല.

ശ്രീ. എ. താണുപിള്ള: കുട്ടനാടൻ പദ്ധതി വേമ്പനാടൻ പദ്ധതിയിൽ ഉൾപ്പെടുത്തിയതു എപ്പോഴാണ്; അതു ബഡ്ജററസെഷനു മുമ്പോ പിമ്പോ?

ശ്രീ. കെ. എം. കോരാ: ബഡ്ജററസെഷനു ശേഷം.

ശ്രീ. എ. താണുപിള്ള: കുട്ടനാടൻ പദ്ധതിക്കുള്ള സംഖ്യ വേമ്പനാടൻ പദ്ധതിക്കു മുമ്പു ബഡ്ജററിൽ പെടുത്തിയിരുന്നില്ലേ?

ശ്രീ. കെ. എം. കോരാ: അതിൻെറ ഒരു ഭാഗമേ പെടുത്തിയിരുന്നുള്ളു.

ശ്രീ. എ. താണുപിള്ള: ഈ പദ്ധതിക്ക് ഈ അസംബ്ലിയുടെ സാങ്ഷൻ ഉണ്ടെന്നാണോ വിചാരിക്കേണ്ടതു്?

ശ്രീ. കെ. എം. കോരാ: ഉണ്ടെന്നാണ് വിചാരിക്കേണ്ടതു്.

Sri. P. Balakrishnan Tampi: Technically speaking, Sir, is it not a fully comprehensive scheme?

Sri. K. M. Korah: Yes, exactly so.

ശ്രീ. വി. ഒ. മാക്കോസ്: ഇതിൻെറ ആകെ തുക എത്രയാണ്?

ശ്രീ. കെ. എം. കോരാ: ൩൫ ലക്ഷംവരും.

ശ്രീ. വി. ഒ. മാക്കോസ്: അതിൽ എത്ര ലക്ഷം ചിലവാക്കി?

ശ്രീ. കെ. എം. കോരാ: ഈ സംഖ്യ റോഡിനും തോടിനുംകൂടി ഉള്ളതാണ്.

ശ്രീ. വി. ഒ. മാക്കോസ്: അതു ഇപ്പോഴുള്ള പദ്ധതിയ്ക്കാണോ?

ശ്രീ. കെ. എം. കോരാ: അതേ.

ശ്രീ. വി. ഒ. മാക്കോസ്: അതിൻെറ ജോലികൾ തുടങ്ങി കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. എം. കോരാ: മിക്കവാറും തുടങ്ങി കഴിഞ്ഞു. ടെൻഡേഴ്സ് സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

Mr. Speaker: Order, order. Question time is over.

12 Noon

WRITTEN ANSWERS

COCHIN TOWN ALLOWANCE

*22. [30] **Sri. A. K. George:** Will the hon. Minister for Finance be pleased to state.—

(*a*) is it a fact that the Government has stopped the Town allowance prevailing in erstwhile Cochin State;

(*b*) if so, what are the grounds for the same; and

(*c*) was it done on the unanimous recommendation of the Standing Finance Committee?

Minister for Finance and Food **(Sri. K. M. Korah):**

(*a*) Yes.

(*b*) As part of the scheme for unification and enhancement of dearness allowances.

(*c*) Sri. K. Balakrishna Menon alone expressed the view that the allowance may be extended to all towns in the State instead of abolishing the existing town allowance in the Cochin area.

കയർ വ്യവസായം

* ൧൩. (൩൪) സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തു ഇതിനകം എത്ര കയർ വ്യവസായ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾക്ക ഗവർമ്മെൻറ് എന്തെങ്കിലും ധനസഹായം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ സംഘം ഒന്നുക്ക എന്തു തുകവീതം;

(സി) അങ്ങിനെ തുക വാങ്ങിയിട്ടുള്ള സംഘങ്ങൾ ഇതിനകം തൊഴിലാളി താല്പര്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടോ;

(ഡി) കഴിഞ്ഞ ബഡ്ജററിൽ കയർ വ്യവസായത്തിൻെറ അഭിവൃദ്ധിക്കവേണ്ടി വിനിയോഗിക്കാൻ എന്തു തുകയാണ് കൊള്ളിച്ചിട്ടുള്ളതു്;

(ഇ) കയർ വ്യവസായത്തിൻെറ അഭിവൃദ്ധിക്കവേണ്ടി വിനിയോഗിക്കാൻ സെൻട്രൽ ഗവർമ്മെൻറ് സംസ്ഥാന ഗവർമ്മെൻറിനു എന്തു തുക അനുവദിച്ചു തന്നിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ൧൩.

(ബി) ഉണ്ട്. ൧൯൫൦–൧൯൫൪-ൽ ൧൫ സൊസൈററികൾക്ക് സൊസൈററി ഒന്നിനു ൧,൦൦൦ രൂപാവീതവും ഈ വർഷത്തിൽ ൩ സൊസൈററികൾക്ക് സൊസൈററി ഒന്നിനു ൧,൦൦൦ രൂപാവീതവും ആദ്യവർഷ ഗ്രാൻറ് നൽകീട്ടുണ്ട്. ബാക്കിയുള്ള ൧ സൊസൈററികൾക്ക് ഉടനെ ഗ്രാൻറ് നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) ൫൦,൦൦൦ രൂപാ.

(ഇ) ഇതുവരെ ഒരു തുകയും അനുവദിച്ചിട്ടില്ല.

റേഷൻ വിതരണത്തിലെ നഷ്ടം

* ൧൪. (൩൫) സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വെളിയിൽനിന്നും കൂടിയ വിലക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങികുറഞ്ഞവിലക്ക് ഈ സംസ്ഥാനത്തു വിതരണം നടത്തുന്ന വകയിൽ ഒരു കൊല്ലത്തിൽ എന്തു നഷ്ടം ഉണ്ടാകുന്നുണ്ട്;

(ബി) ആ വകയിൽ സബ്സിഡി ഇനത്തിൽ സെൻട്രൽ ഗവണ്മെൻറിൽ നിന്നും എത്ര കിട്ടുന്നുണ്ട്?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ൧൯൫൧-ൽ ഉദ്ദേശം ആറു കോടി രൂപ.

(ബി) ൨൭൭·൫ ലക്ഷം രൂപാ.

GENERAL ELECTION

*25. [38] **Sri. K. Ramachandran:** Will the hon. the Minister for Law be pleased to state whether this Government has been asked by the Centre to furnish list of minority communities who deserve reservation in the next General Election, and, if any such list has been submitted, which communities have been so included?

Chief Minister **(Sri. C. Kesavan):** No.

Question of Privilege

Mr. Speaker: Hon. Member Mr. Abdul Razaak has given notice that a question of privilege has arisen out of the leading article in *the "Kerala Kaumudi"* dated 18th August 1951. This notice, though it specifically mentions the date of the paper and its name, does not specify how it has affected the privileges of the House Therefore the notice is not in order.

Point of Order *re.* Resignation of Ministers

Sry. Annie Mascarene: Sir, I rise to a point of order. I wish to know whether you are a member of the Five-Man Committee appointed by the Congress Party to solve the Ministerial muddle and, secondly, as there is a rumour that you are about to resign, I wish to know—if it is a fact—why?

Mr. Speaker: With regard to the point of order raised by the hon. Member, I have to inform the hon. Member that it does not relate to a matter before the House. Any point of order raised must relate to a matter before the House. But this is, no doubt, a question that is put to the Speaker which, ordinarily is not permissible. But any information which the hon. Member wants will, in due course be supplied, if only the hon. Member will wait to get that information. The second question put in relation to the first question is not one which can be put to the Speaker in the open House. But any information asked for in writing would be supplied.

Sry. Annie Mascarene: If it is a point of information?

Mr. Speaker: Not even that. It is a question.

Reference to the death of a Member and election of a new Member

മിസ്റ്റർ സ്പീക്കർ: കൊഴിഞ്ഞാമ്പാറ നിയോജകമണ്ഡലത്തിൽനിന്നും ഈ നിയമസഭയിലേയ്ക്കു് തെരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പറായിരുന്ന ശ്രീ. കെ. എൻ. പച്ചയപ്പാ ഗൗണ്ടർ ൧൯൫൧ ഏപ്രിൽ ൧൯-ാം തീയതി ചരമമടഞ്ഞ വിവരം ഈ സഭയെ വ്യസനസമേതം തെര്യപ്പെടുത്തിക്കൊള്ളുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഈ സഭയ്ക്കു നേരിട്ടിരിക്കുന്ന നഷ്ടവും സങ്കടവും രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളേയും, ബന്ധുമിത്രാദികളേയും നമ്മുടെ അനുശോചനം അറിയിക്കുകയും ചെയ്യേണ്ടതു് നമ്മുടെ കർത്തവ്യമാണ്. അതിന്റെ ലക്ഷ്യമായി സഭ എഴുന്നേറ്റു് അല്പനേരം നിന്നു് ഈ നിർദ്ദേശം സ്വീകരിക്കണമെന്നു് താല്പര്യപ്പെടുന്നു.

Accordingly all the Members stood in silence for a minuts

ശ്രീ. കെ. എൻ. പച്ചയ്യപ്പാ ഗൗണ്ടന്റെ ചരമംമൂലം ടി നിയോജകമണ്ഡലത്തിൽ ഒരു ഒഴിവു ഉണ്ടായവിവരം സഭയെ തെര്യപ്പെടുത്തിക്കൊള്ളുന്നു. ആ ഒഴിവിൽ ശ്രീ. സ്വാമിയപ്പാ ഗൗണ്ടനെ തെരഞ്ഞെടുത്തതനുസരിച്ച് അദ്ദേഹം ഇന്നേ ദിവസം സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ട്.

Resignation of thirty Members

മിസ്റ്റർ സ്പീക്കർ: അതോടുകൂടി ഈ നിയമസഭയിലെ താഴെ പറയുന്ന ൩൦ മെമ്പറന്മാർ സഭയിൽ അവർക്കുള്ള സ്ഥാനങ്ങൾ രാജിവച്ചിരിക്കുന്നു. തന്മൂലം ഈ നിയമസഭയിൽ ൩൦ ഒഴിവു ഉണ്ടായിരിക്കുന്ന വിവരവും സഭയെ അറിയിച്ചുകൊള്ളുന്നു.

ഇലക്റ്റഡ് (൧) ശ്രീ. കെ. ടി. അച്യുതൻ, (൨) ശ്രീ. വി. കെ. അച്യുതമേനോൻ, (൩) ശ്രീമതി ആനിജോസഫ്, (൪) ശ്രീ. കെ. അയ്യപ്പൻ, (൫) ശ്രീ. കെ. ബാലകൃഷ്ണമാരാര്, (൬) ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ, (൭) ശ്രീ. പി. കെ. ഡീവർ (൮) ശ്രീ. ജോസഫ് മുണ്ടശ്ശേരി, (൯) ശ്രീ. കെ. കരുണാകരൻ, (൧൦) ശ്രീ. കെ. കൊച്ചുകുട്ടൻ, (൧൧) ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ, (൧൨) സാഹിബ് ബഹദൂർ ഏ. കെ. കുഞ്ഞുമൊയ്തീൻ, (൧൩) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ, (൧൪) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ, (൧൫) ഡാക്ടർ ഈ. കെ. മാധവൻ, (൧൬) സാഹിബ് ബഹദൂർ കെ. സി. മായൻകുട്ടി മേത്തർ, (൧൭) ശ്രീ. എം. കെ. മേനോൻ, (൧൮) ശ്രീ. എം. ഐ. പോൾ, (൧൯) ശ്രീ. സെബാസ്റ്റ്യൻ തേറാപ്പിൽ, (൨൦) ശ്രീ. ടി. പി. സീതാരാമൻ (൨൧) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ, (൨൨) ശ്രീ. കെ. കെ. വാസുപ്പണിക്കർ, (൨൩) ശ്രീ. എം. ആർ. വേലപ്പൻ, (൨൪) ശ്രീ. കെ. ഐ. വേലായുധൻ, (൨൫) ശ്രീ. കെ. കെ. വിശ്വനാഥൻ, (൨൬) ശ്രീ. കെ. കെ. കേശവൻ.

നോമിനേറ്റഡ് (൨൭) ശ്രീ. കെ. എ. അച്യുതൻ, (൨൮) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ, (൨൯) ശ്രീ. എ. കെ. ശങ്കുണ്ണി, (൩൦) ശ്രീ. ടി. എം. സന്നലൻ

Panel of Chairmen

Mr. Speaker: Hon. Members Sri. A. K. George and Sri. R. Atchuthan are nominated to the Panel of Chairmen for this session in pursuance of Rule 7 of the Assembly Rules.

Papers laid on the Table

Mr. Speaker: The hon. Minister for Law will lay on the table the following Ordinances promulgated by His Highness the Rajpramukh:

1. The Travancore Medical Practitioners (Amendment) Ordinance, 1951 (I of 1951) promulgated on the 12th April 1951.
2. The Code of Civil Procedure (Travancore-Cochin Amendment) Ordinance, 1951 (II of 1951) promulgated on the 23rd May 1951.
3. The Travancore-Cochin Criminal Procedure (Temporary Provisions) Ordinance, 1951 (III of 1951) promulgated on the 24th May 1951.
4. The Travancore-Cochin General Sales Tax (Amendment) Ordinance, 1951, (IV of 1951) promulgated on the 6th June 1951.

5. The Cochin Proclamation III of 1123 (Repealing) Ordinance, 1951 (V of 1951) promulgated on the 14th August 1951.

Minister for Law, Industries and Labour **(Sri. P. K. Krishnankutty Menon):** Sir, under Article 213 (2) read with Article 232 of the Constitution, I lay on the table of the House the following Ordinances promulgated by His Highness the Rajpramukh on the dates mentioned against each of them:

1. The Travancore Medical Practitioners (Amendment) Ordinance, 1951 (I of 1951) 12th April 1951.

2. The Code of Civil Procedure (Travancore-Cochin Amendment) Ordinance, 1951 (II of 1951) 23rd May 1951.

3. The Travancore-Cochin Criminal Procedure (Temporary Provisions) Ordinance, 1951 (III of 1951) 24th May 1951.

4. The Travancore-Cochin General Sales Tax (Amendment) Ordinance, 1951 (IV of 1951) 6th June 1951.

5. The Cochin Proclamation III of 1123 (Repealing) Ordinance 1951 (V of 1951) 14th August 1951.

LEGISLATIVE BUSINESS

The Code of Civil Procedure (Travancore-Cochin) Amendment Bill

Mr. Speaker: We proceed to the Legislative Business. The hon. Minister for Law will move for the introduction of the Code of Civil Procedure (Travancore-Cochin) Amendment Bill.

Minister for Law, Industries and Labour **(Sri. P. K. Krishnankutty Menon):** Sir, I beg to introduce the Code of Civil Procedure (Travancore-Cochin) Amendment Bill.

Minister for Public Works and Communications **(Sri. G. Chandrasekhara Pillai):** I second it.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ൧൯൫൧ ഏപ്രിൽ ൧-ാംതു-മതൽ ഇൻഡ്യയിലെ സിവിൽ നിയമം ഈ രാജ്യത്തേയ്ക്കു് ബാധകമാക്കിതീർത്തിട്ടുണ്ടു്. അതുമൂലം അതേവരെ ഇവിടെ നിലവിലുണ്ടായിരുന്ന കൊച്ചിവിഭാഗത്തെ സിവിൽ നടപടി നിയമവും തിരുവിതാംകൂർ വിഭാഗത്തെ സിവിൽ നിയമവും നിലവിൽ ഇല്ലാതായിരിക്കുകയാണു്. ഇൻഡ്യയിലെ സിവിൽ നടപടി നിയമം ഇവിടെ നടപ്പിൽ വന്നതോടുകൂടി അതിലെ ൧൦൦-ാം വകുപ്പ് ൧-ാം ഉപവകുപ്പ് പ്രകാരം ഇവിടത്തെ ഹൈക്കോടതിക്ക് ൨-ാം അപ്പീൽ കൊടുത്തിരുന്ന സംപ്രദായം ചില സംഗതിയിൽ ഇല്ലാതായിട്ടുണ്ടു്. ഇവിടെ നടപ്പിൽ ഇരുന്ന സിവിൽ നടപടി നിയമപ്രകാരം ഒരു കേസ്സിൽ ആദ്യകോടതിയും ആദ്യ അപ്പീൽ കോടതിയും തമ്മിൽ വസ്തുതയെ സംബന്ധിച്ച് (Question of fact) ഭിന്നാഭിപ്രായം വരുകയാണെങ്കിൽ അതിന്മേൽ ഹൈക്കോടതിയിലേയ്ക്കു ൨-ാം അപ്പീൽ കൊടുക്കുവാൻ വഴിയുണ്ടായിരുന്നു. എന്നാൽ ഏപ്രിൽ ൧-ാം തീയതി മുതൽ ഇൻഡ്യൻ സിവിൽ നിയമം നടപ്പിൽ വന്നതോടുകൂടി ആ സംപ്രദായം ഇല്ലാതായിട്ടുണ്ടു്. ഇവിടെ മുന്നേ ഉണ്ടായിരുന്ന നടപടിക്രമം തുടർന്നുകൊണ്ടുപോകണമെന്നു് ഈ ഗവമ്മെൻറിനു് ആഗ്രഹമുണ്ടായിരുന്നു. ഇൻഡ്യൻ സിവിൽ നടപടി നിയമം ഇവിടെ നടപ്പാക്കുവാൻ ഉത്സാഹിച്ചതോടുകൂടി ആ വിവരം ഇൻഡ്യാഗവമ്മെൻറിനെ അറിയിക്കുകയും അതിനുവേണ്ട നടപടികൾ ഇവിടെതന്നെ നടത്തണമെന്നു് ഇൻഡ്യാ ഗ

വൺമെന്റ് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഇൻഡ്യൻ പ്രസിഡന്റിന്റെ അനുമതിയോടുകൂടി മുമ്പിൽ ഇവിടെ നിലവിലുണ്ടായിരുന്ന സംപ്രദായം തുടർന്നുകൊണ്ടുപോകുവാനായി ഒരു ആർഡിനൻസ്, ൧൧൨൮-ലെ ൨-ാം നമ്പർ ആർഡിനൻസ്, രാജപ്രമുഖൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആ ആർഡിനൻസിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് അതിനുപകരം ഒരു ബിൽ തന്നെ അസംബ്ലിയിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നതു. മുമ്പിൽ ഇവിടെ നടപ്പിൽ ഇരുന്ന സംപ്രദായം, ഹൈക്കോടതിയ്ക്കു ൨-ാം അപ്പീൽ കൊടുക്കുന്ന സംപ്രദായം തുടർന്നുകൊണ്ടുപോകുന്നതിനാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. ഏ. താണുപിള്ള: ഈ കാര്യത്തെ സംബന്ധിച്ച് ഹൈക്കോടതിയുടേയും ബാർ അസോസിയേഷന്റേയും അഭിപ്രായം ഗവൺമെന്റ് വാങ്ങിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഹൈക്കോടതിയുടെ അഭിപ്രായം വാങ്ങിച്ചിട്ടുണ്ട്.

ശ്രീ. ഏ. താണുപിള്ള: ഹൈക്കോടതിയുടെ അഭിപ്രായം എന്താണ്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഈ സംപ്രദായം തുടർന്നുകൊണ്ടുപോകുവാൻ വിരോധമില്ലെന്നാണ്.

ശ്രീ. ഏ. താണുപിള്ള: ഈ സംപ്രദായം തുടർന്നുകൊണ്ടുപോകുവാൻ വിരോധമില്ലെന്നു മാത്രമാണോ ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുള്ളതു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതിനെ സംബന്ധിച്ചുള്ള കടലാസുകൾ ഇപ്പോൾ എന്റെ കൈവശമില്ല.

Mr. Speaker: The Bill is introduced.

Sri. P.K. Krishnankutty Menon: I move that the Bill be taken into consideration at once.

Sri. G. Chandrasekhara Pillai: I second it.

Sri. A. Thanu Pillai: I move, as an amendment that the Bill be referred to a Select Committee giving ample time to submit its report. I shall give my reasons. We are trying to bring our laws into line with the laws existing in the rest of India. It has to be ascertained whether there is any need for deviation in this particular matter. I am very sorry that when a Bill of this kind is brought forward, the Minister in charge is not able to give all the information required. He says that the High Court's opinion has been obtained. At the same time he doesn't know what the opinion is. Equally important is the opinion of the Bar Council. If our aim is to have uniformity, then there shall not be much deviation. No doubt, litigants may be glad to have as many chances as possible to ventilate their grievances. But now the standard of the judges of the State is very low. People have more chances of having their cases considered again and again. I may be wrong, because I have not long been in the profession. But, I should submit, that as far as possible our law should be uniform. So far as litigation is concerned there are a lot of ways. The best available men ought to be appointed as judges and munsiffs. It is an mportant aspect of the matter that has to be gone into.

On account of these reasons, I suggest that this matter may go before a Select Committee so that more information may be made available to the Minister in charge of the Bill. Sufficient time may also be given for detailed consideration. Our distinguished Advocate-General may be in a position to enlighten us in the matter.

Sri. P. K. Krishnankutty Menon : I have absolutely no objection to the Bill being referred to a Select Committee. But the Committee may submit its report in three days, because the matter is very urgent and it should be finally disposed of in t his session itself.

Sri. P. Balakrishnan Thampi : Yes. It is only a very formal affair. The report can be submitted in the course of a day.

Sri. A. P. Udayabhanu : The purpose of refering the Bill to a Select Committee is to ascertain the opinion of the public. I do not think a Select Committee can serve that purpose.

Mr. Speaker : The Bill has to be finally passed during this Session. Therefore three days time is proposed for the Select Committee to submit its report.

Sri. K. P. Nilakanta Pillai : The Advocate-General may be able to ascertain the opinion of the Bar Council. Let the report come in three days.

Sri. P. K. Krishnankutty Menon : The Select Committee may consist of the following members:

Sri. A. M. Thomas,
,, A. Thanu Pillai,
,, A. P. Udayabhanu,
,, P. Balakrishnan Tampi,
and ,, D.Gnanasigamoni.

Mr. Speaker : The question is that the Code of Civil Procedure (Travancore Cochin) Amendment Bill be referred to the Select Committee consisting of—

Sri. A. M. Thomas,
,, A. Thanu Pillai,
,, A. P. Udayabhanu,
,, P. Balakrishnan Thampi, and
,, D. Gnanasigamony.

to report within three days; the quorum being four.

The motion was put and carried

The Travancore-Cochin General Sales-Tax Act (Amendment) Bill

Minister for Finance and Food **(Sri. K. M. Korah) :** Sir, I beg to introduce the Travancore-Cochin General Sales-tax Act (Amendment) Bill.

Chief Minister **(Sri. C. Kesavan) :** I second it.

Sri. K. M. Korah : According to the provisions contained in Article 286 (1) of the Constitution of India, certain restrictions are laid down on the imposition of tax on the sale or puchase of goods:

> "No law of a State shall impose or authorise the imposition of a tax on the sale or purchase of goods where such sale or purchase takes place—
>
> (*a*) outside the State ; or
>
> (*b*) in the course of the import of the goods into or export of the goods out of the territory of India.
>
> *Explanation.*—For the purposes of sub-clause (*a*) a sale or purchase shall be deemed to have taken place in the State in which the goods have actually been delivered as a direct result of such sale or purchase for the purpose of consumption in that State, notwithstanding the fact that under the general law relating to sale of goods the property in the goods has by reason of such scale or purchase passed in another State",

According to the above provision no tax can be levied on the sale or purchase of goods if the sale or purchase takes place outside the State or in the course of import into or export out of the territory of India. No tax will also be leviable on the sale or purchase of goods taking place in the State if the goods are actually delivered for consumption in another State as a direct result of the sale. But according to the provisions of the Travancore-Cochin General Sales Tax Act, 1125, tax is leviable on the sale or purchase of goods wherever the contract of sale or purchase might have been made provided that the goods were actually in the State when the contract was made.

The Government of India drew the attention of this Government to the provisions of Article 286 and directed this Government to amend the State Sales-tax Law in order to make its provisions conform to the provisions of the Constitution. Accordingly the Act was amended by the Travancore-Cochin General Sales-tax (Amendment) Ordinance, 1951 (IV of 1951). By this Ordinance, a new Section viz., Section 26 which merely restates the restrictions imposed by Article 286 of the Constitution was introduced. Since this amendment was necessitated by the coming into force of the Constitution, it was given effect to from the 26th January 1950.

The present Bill is intended to replace the Ordinance by an Act of the Legislature.

Sri. P. S. Nataraja Pillai: May I know the financial implications of the Bill.?

Sri. K. M. Korah: Anyhow it has to be done without looking into the implications.

Sri. P. S. Nataraja Pillai: May I know how it affects the present budget?

Sri. K. M. Korah: It would not affect the budget.

Sri. A. Thanu Pillai: What is the significance of Section 26 (*b*)? It reads thus:

> "A tax on the sale or purchase of any goods shall not, after the 31st day of March, 1951, be imposed where such sale or puchase takes place in the course of Inter-State trade or commerce except in so far as Parliament may by law otherwise provide."

Sri. K. M. Korah: That is a provision contained in the Constitution of India. That could not be changed.

Mr. Speaker: The Bill is introduced.

Sri. K. M. Korah: I move that the Bill be taken into consideration at once.

Sri. C. Kesavan: I second it.

The question that the Bill be taken into consideration at once was put and carried.

Sri. A. P. Udayabhanu: I have to say something. It is nearly three years since this Sales-tax Bill has been introduced. There are lots of complaints about its working. Therefore my submission is that the Government might consider the question and examine the whole Sales-tax Act, in the light of the experience and complaints that the Government are receiving from various quarters. The main point is that the multiple points tax is causing a lot of harassment.

Mr. Speaker: We are not at present concerned with the whole Act, but only the Bill as far as it seeks to amend that Act.

The question that the Travancore-Cochin General Sales Tax Act (Amendment) Bill be taken into consideration at once was put and carried.

The question that clauses 2 and 3 stand part of the Bill was put and carried.
The clauses were added to the Bill.
The question that clause 1 stand part of the Bill was put and carried.
The clause was added to the Bill.
The question that the preamble stand part of the Bill was put and carried.
The preamble was added to the Bill.
The question that the title stand part of the Bill was put and carried.
The title was added to the Bill.

Sri. K. M. Korah : I move that the Bill be passed.

Sri. C. Kesavan : I second it.

The motion that the Bill be passed was put and carried.
The Bill was passed.

The Code of Criminal Procedure (Temporary Provisions) Bill.

വ്യവസായവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ): ഇൻഡ്യയിലെ ൧൮൯൮-ലെ ൫-ാം ആക്ട് അനുസരിച്ച് ഇൻഡ്യയിൽ നടപ്പിലുണ്ടായിരുന്ന ൧൮൯൮-ലെ ൫-ാം നമ്പർ ക്രിമിനൽ നടപടി നിയമം ഈ സ്റ്റേററിലും ബാധകമാക്കി തീർത്തിട്ടുണ്ട്. ഇവിടെയും ആ നിയമം അനുസരിച്ച് ക്രിമിനൽ കേസുകൾ ഹൈക്കോടതയിൽ വിചാരണ ചെയ്യുമ്പോൾ ജൂറികളെവച്ചും സെഷൻസ് കോടതിയിൽ വിചാരണചെയ്യുമ്പോൾ ജൂറികളെവെച്ചോ അല്ലെങ്കിൽ അസസ്സേഴ്സിന്റെ സഹായത്തോടുകൂടിയോ ചെയ്യണമെന്ന് നിബന്ധനയുണ്ട്. ആ ഒരു സംപ്രദായം ഇവിടെ ഉണ്ടായിരുന്നില്ല. ഈ നിയമം ബാധകമാക്കാൻ ഇൻഡ്യാ ഗവമെൻറ് ആലോചിച്ചപ്പോൾ ആയത്ത ഇവിടെയും കൂടാതെ കഴിച്ചാൽ കൊള്ളാമെന്നും ഇവിടെനിന്നും അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ ഹൈക്കോടതിയിലും സെഷൻസ് കോടതികളിലും ജൂറി സംപ്രദായം നടപ്പിൽ ആക്കണമെങ്കിൽ ഹൈക്കോടതിയുടെ നിർദ്ദേശവും ഗവമെണ്ട് നോട്ടിഫിക്കേഷനും ആവശ്യമാണ്. അങ്ങിനെയുള്ള നിർദ്ദേശവും നോട്ടിഫിക്കേഷനും ഇല്ലാതിരിക്കുന്നിടത്തോളം കാലം ജൂറി സമ്പ്രദായം നടപ്പിൽ വരുന്നതല്ല. അതനുസരിച്ച് ഇതുവരെ അങ്ങനെ ഒരു നോട്ടിഫിക്കേഷൻ ഉണ്ടായിട്ടില്ല. സെഷൻസ് കോടതികളിൽ അസസ്സേഴ്സ് മുഖേന വിചാരണ ചെയ്യണമെന്നാണ് ഇൻഡ്യാ ഗവമെൻറിന്റെ അഭിപ്രായം. പക്ഷെ ആ സംപ്രദായം ഇവിടെ നടപ്പാക്കണമെങ്കിൽ ഈ കോടതികളിലേക്ക് ആവശ്യമുള്ള അസസ്സേഴ്സ്മാരുടെ പേരുവിവരം കാണിച്ചു ഒരു ലിസ്റ്റ് ഉണ്ടാക്കണം. അതിനു ഗവമെൻറിന് കുറെ സമയം വേണ്ടിവന്നിരിക്കുന്നു. ആ ലിസ്റ്റ് തയാറാക്കുന്നതുവരെയും ഇതുവരെയുള്ള സംപ്രദായം തുടർന്നുകൊണ്ടുപോകുവാൻവേണ്ടി രാജപ്രമുഖൻ തിരുമനസ്സിൽനിന്നും ഒരു ആർഡിനൻസു പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്. അതിനു പകരമായിട്ടാണ് ഈ ബില്ല് ഇപ്പോൾ ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളതു്. ൬ മാസത്തിനുള്ളിൽ അസസ്സേഴ്സിന്റെ ലിസ്റ്റ് ഉണ്ടാക്കി അസസ്സേഴ്സു മുഖേന ക്രിമിനൽ കേസുകൾ സെഷൻ കോടതികളിൽ വിചാരണ ചെയ്യുവാൻ സാധിക്കുമെന്നാണ് ഗവമെൻറു പ്രതീക്ഷിക്കുന്നതു്. അതിനാൽ ഈ ബില്ലിന്റെ കാലാവധി ൬ മാസത്തേക്കാണ് വച്ചിട്ടുള്ളതു്. ഞാൻ ഈ ബില്ല് സഭയുടെ മുൻപാകെ അവതരിപ്പിച്ചുകൊള്ളുന്നു.

The motion was adopted.

Sri. P. K. Krishnakutty Menon: I move that the Bill be taken into consideration at once.

Chief Minister **(Sri. C. Kesavan):** I second it.

Sri. A. Thanu Pillai: I want to know whether permission will have to be obtained in proceeding with trials without the aid of assessors?

Sri. P. K. Krishnankutty Menon: After this Bill has been passed, it will be placed before the Government of India.

Sri. P. S. Nataraja Pillai: I would like to say a few words about this Bill. Sir, the Central Act was extended to this State with effect from the 1st April 1951. Now we are in the month of September. For the last six months it was kept in abeyance by an Ordinance of the Rajpramukh. There was ample time to prepare the list of assessors within this period which unfortunately the Government was not able to do. Now they are asking for legislative sanction for extending the period by another six months for keeping in abeyance the provisions of the Code of Criminal Procedure relating to trials with the aid of assessors.

Government hope to complete the list by that time. Our experience in this country would show that Government are seen always to come forward for extension of time. A sort of indifference is seen on the part of Government in these matters. The Government was not able to prepare the list of assessors within the last six months, if they feel that there is any difficulty in completing the list within another six months, adequate provision in the present Bill will have to be made so that there may not be any necessity for further extension. Therefore I would request the Treasury Bench to reconsider the whole thing and say whether they want only six months or more.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അസസേഴ്സിന്റെ ലിസ്റ്റ് ഇപ്പോൾതന്നെ തയാറാക്കിത്തുടങ്ങിയിട്ടുണ്ട്. ൬ മാസത്തിനു മുമ്പുതന്നെ ഇതു പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. എങ്കിലും ൬ മാസത്തെ അവധിവെച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: എല്ലാംകൂടി എത്ര അസസേഴ്സ് വേണ്ടിവരും?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: എല്ലാ സെഷൻസ് കോർട്ടിലേക്കും അസസേഴ്സ് ആവശ്യമാണ്. അതുകൊണ്ട് എത്ര വേണ്ടിവരുമെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഉദ്ദേശമായിട്ടെങ്കിലും പറയുവാൻ സാധ്യമാകുമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഒരു ലിസ്റ്റ് പ്രിപ്പയർ ചെയ്യുവാൻ ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഹൈക്കോടതിയിൽനിന്നും ഓരോ ഡിസ്ട്രിക്ടിലുമുള്ള സെഷൻസ് കോടതിയിലേക്ക് അതാതിന്റെ അതൃത്തിയിലുള്ള അസസേഴ്സിന്റെ ഒരു ലിസ്റ്റ് പ്രിപ്പയർ ചെയ്യണമെന്ന് എഴുതി അയച്ചിട്ടുണ്ട്. അത് താമസിയാതെ കിട്ടുന്നതാണ്.

ശ്രീ. എ. താണുപിള്ള: ഈ അസസേഴ്സ് അങ്ങിനെ ജോലി ചെയ്യണമെന്ന് നിർബ്ബന്ധമാണോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: എല്ലാവർക്കും നിർബന്ധമില്ല. നിയമപ്രകാരം ചിലരെ ഒഴിവാക്കിയിട്ടുണ്ട്.

The question that the Travancore-Cochin Criminal Procedure (Temporary Provisions) Bill be taken into consideration was put and carried.

The question that clauses 2 and 3 stand part of the Bill was put and carried.

The clauses were added to the Bill.

The question that clause 1 stand part of the Bill was put and carried.

The question that the Preamble stand part of the bill was put and carried.

The Preamble was added to the Bill.

The question that the Title stand part of the Bill was put and carried.

The Title was added to the Bill.

Sri P. K. Krishnankutty Menon: I move that the Bill be passed.

The question that the Travancore-Cochin Criminal Procedure (Temporary) Bill be passed was put and carried.

The Bill was passed.

The Travancore Medical Practitioners Act (Amendment) Bill

Chief Minister: **(Sri. C. Kesavan)** I beg to introduce the Travancore Medical Practitioners Act (Amendment) Bill.

Sri. K. M. Korah: I second it.

Sri. C. Kesavan: The term of office of the members of the Travancore Medical Council is fixed under Section 9 (1) of the Act as three years. The Second Travancore Medical Council constituted under the Act functioned for the full term of three years and the term expired on the 14th October 1950. It was not possible to conduct elections and to constitute the next Council in time. It was, therefore, necessary to extend the term of the Second Council. For that purpose the Act was amended by Ordinance X of 1950 (this was replaced by Act XXVI of 1950) to enable Government by notification to extend the term for at period not exceeding six months. The term of the Second Medical Council was accordingly extended for a period of six months. The extended term also expires on the 14th April 1951.

In the meantime the necessity for a uniform law relating to the registration of medical practitioners applicable to the whole State and the question of constituting a separate Council for the various systems of medicine was engaging the attention of the Government. It was at that time decided that the necessary law for that purpose should be enacted. But since the passing of the new law and the constitution of the Council thereunder would take some time, it was considered necessary to extend further the term of the Council. Accordingly the Act was again amended by Ordinance I of 1951 and in pursuance of the powers conferred by the Ordinance, the term was further extended for a period of one year from 14th April 1951. The present Bill is intended to achieve the above object. The Bill when passed will be reserved for the assent of the President.

Mr. Speaker: The Bill is introduced.

Sri. C. Kesavan: I move that the Bill may be taken into consideration at once.

Sri. K. M. Korah: I second it.

Sri. P. S. Nataraja Pillai: In the statement of objects and reasons it is stated that the Travancore Medical Practitioners (Amendment) Act, 1950 and the Travancore Medical Practitioners (Amendment) Ordinances, 1950 and 1951 (Ordinances

X of 1950 and I of 1951) would come within the scope of the definition of "existing law" under the constitution and in that case it would be necessary to comply with the formalities contemplated by the Constitution in such cases. What are the formalities contemplated? I would like the member to enlighten the House on this point.

Sri. C. Kesavan: It requires the assent of the President before it is passed into law and comes into force.

Sri. P. S. Nataraja Pillai: Were not the previous amendment Act and Ordinance submitted to the President for approval?

Sri. C. Kesavan: It is not that. The whole Bill has to be reconsidered in the light of the Constitution. A new Bill has to be passed and the assent of the President has to be obtained.

Sri. P. S. Nataraja Pillai: I would like to make a few observations. Sir, as I said before, this amendment for extension of time was before this House two or three times. Government have extended the life of the Medical Council by Ordinances for one and a half years. By statutory sanction another extension for six months was granted. Now they have again come up for further extension for two years. In October 1950 when the matter came up for discussion before the House the official spokesman said:

"കൗൺസിലിന്റെ കാലാവധി ൬ കൊല്ലത്തേക്കോ ൨ കൊല്ലത്തേക്കോ തോന്നിയതുപോലെ നീട്ടിക്കൊണ്ടുപോകണമെന്നല്ല ഗവൺമെന്റിന്റെ ഉദ്ദേശം കഴിയുന്നത്ര വേഗത്തിൽ ഒരു ബിൽ എഴുതിയുണ്ടാക്കി സഭയിൽ അവതരിപ്പിക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ൬ മാസത്തിനകംതന്നെ അതു ചെയ്യാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നുണ്ട്."

Six months have elapsed. Now the motion for extension comes from another spokesman of the Government Benches. The term of the Council expired on the 14th October 1950. One year has already elapsed. Even during this period of one year Government were not in a position to finalise their proposals to draft a new Bill. Will they be able to do it even within this extended period is doubtful I am doubtful whether the present Government will be in a position to concentrate their attention to draft a Bill as to satisfy the necessity. As I remarked on the previous Bill, it will be better for Government to think over the matter and put a time-limit sufficiently elastic enough to enable them to draft the Bill and come before this House with it as early as possible. I would like to have a definite assurance from the Government side on this matter.

Sri. A. Thanu Pillai: I oppose this Bill. It is really difficult to describe the utter irresponsibility displayed by Government in bringing forward a Bill of the kind. One is tempted to ask, what is this Government doing? Do they feel that they have a right to continue in office and throw the affairs of the country into utter confusion? If they have no time to deal with matters relating to the Government of the country, should they not consider, in fairness, to the State and its people, whether they should not abdicate and then allow the State to be run by whomsoever and in whatever form it is possible? What is it that they say in the Statement of Objects and Reasons? "The term of the Second Travancore Medical Council expired on the 14th October 1950 and it was not possible to conduct elections and constitute the next Council in time. The Travancore Medical Practitioners Act was therefore amended by Ordinance No. X......" etc. How many Ordinances, how many Laws? Now they have come forward with a proposal that they should be given two years. After all, what is the matter? It is the

[Sri A. Thanu Pillai]

constitution of the Board—the Medical Council. There is the existing law relating to the Travancore Medical Council. If they want to continue the Council, they can constitute the Council under the existing law. Where is the difficulty? The normal life of the Council is only three years. After two years of postponement, they have now come forward and asked for another two years.

Sri. C. Kesavan: That is a mistake. It is only a *total* period of two years.

Sri. A. Thanu Pillai: It is said in clause 3 of the Bill: "In sub-section (1) of Section 9 of the said Act, the following shall be added as a proviso, namely:

"Provided that the Government may for any special reason extend the term of office of the members by such further period not exceeding two years as they may by notification, in the Gazette specify."

What is the provision in Section 9? Is it to extend the period? Has the hon. Chief Minister a copy of the Act? May I know what that Section says?

Sri. C. **Kesavan**: Section 9 (1) says:

"Save as otherwise provided in this Act, the term of office of the members other than ex-officio members shall be for a period of three years commencing from the date on which the first meeting of the Council is held. An outgoing member shall continue in office until election or nomination of his successor as the case may be." That is, three years commencing from the date on which the first meeting of the Council is held.

Sri. A. Thanu Pillai: Already, the period has been extended by one year. One more year is already over. They want yet one more year. Whatever that be, what is the justification for asking, even according to the interpretation given to the Act, for one more year? They say, "the necessity for a uniform law relating to the registration of medical practitioners applicable throughout the State and the constitution of separate councils for the Allopathic and the Indian systems of medicine was engaging the attention of Government; and it was at that time decided to enact the necessary law." When was the necessity for a uniform law felt? It must have been felt on the date of the integration of Travancore and Cochin. That was in July 1949. So, it is now about two years and three months since the necessity for a uniform law has been felt. I seriously ask: what were the Government doing all these years? They have not been able to bring forward a uniform law. I fully concede that there is necessity for a uniform law. But the question is whether this kind of tardiness should be countenanced by this House and whether there is really any justification for extending this period. Now, they want one more year. Why not constitute the Council under the existing law if they are not able to enact the new law? Let them then bring forward a Bill. Let them constitute a new Council. To fix a period, there must be some reason. The Council was originally expected to function for three years. Now it has functioned for over four years. Why do they want one more year? We have got medical men who are fit to be members of the Medical Council. Why not constitute a new Medical Council? Let them function. Let them take their own time. Why should there be this postponement? Why should we allow the same people to continue? We do not know how they got in there. It was a Council that was constituted for the first time. Naturally, it could not be a very well-considered or well-constituted Council, because it was the first time. Why not have a change? Personally, I am not at all satisfied that there is any justification for this kind of postponement and they are taking things too lightly and they are dealing with this House in a very lighthearted manner. Even for that very simple reason, this Bill has to be opposed. So, with

all the vehemence at my command. Sir, I oppose the Bill, and I hope this House will see the justice of what I am now saying and the fairness and the strength of what I now urge. Why should the Government function in this way and be allowed to put off things? Therefore, irrespective of party, party strength, and all manner of things, this kind of dealing with public affairs should certainly be objected to, be resisted, and this Bill be thrown out. I oppose this Bill.

Sri. **P. Balakrishnan Tampi:** I share the views of my frind, Mr. Nataraja Pillai. I also wish it had been possible for the Government to presenta Bill to the House instead of going in for this short measure of relief, so to speak, but I cannot for a moment believe that any wrong has been done to this country or to any group of people. I challenge my friend Mr. Thanu Pillai whether there would be any one individual in this State who would feel aggrieved, because the Medical Practitioners Bill has not been brought a day earlier before the House. I can understand if only my hon. friend has taken the trouble to read the printed things before the House, he could have seen that the delay was inevitable. It is after the introduction of the 1119 Act in the State that the All-India Committee for Indigenous Medicine, known as the Bhore Committee, has produced its valuable report. We have since then found the defects in our Council. In Travancore, a premature attempt was made at the synthesis of the mutually conflicting systems of medicine. Here we have got a composite council in which a high-grade allopath an F.R.C.S. sits with the hakim and the vaidyan. Is it possible for such a body to sit back and evolve a system in regard to such a thing as medicine? The object of the Travancore Legislature of the past was certainly very commendable. They tried to see whether they could have a synthesis, an integration, of the different systems of medicine. But a specialised Committee like the Bhore Comittee found that before anything could be done in that line, they had to integrate the different systems of medicine. For that, trained personnel was required. Colleges had to be started. Men who were trained in the indigeneous medicine had to study the whole of western medicine, and men who have studied western medicine had to study the eastern systems of medicine. Then alone proper teachers could be got and proper institutions started. Only after that time, the Committee envisages that there would be the possibility of integration of the different systems, and only after integration they could distinguish between integrating and synthesising the systems. It is in such circumstances that the Bill has come up before the House and it serves no purpose to repeat the affairs here. They thought that they could be benefited by the latest opinion on the subject.

Another thing which possibly might have stood in the way of this Bill is that this is a matter of interstatal recognition. Unless all the States come into line, unless there is previous understanding between State and State and between the States and the Centre—

Mr. Speaker. Order, order. The House will now adjourn and meet again at 2·0 p.m.

The House rose for lunch at 1-0 p.m. and re-assembled at 2-0 p.m., with Mr. Speaker in the Chair.

Point of order *re* Answers to Unstarred Questions

[2 P. M.]

Miss Annie Mascarene: Sir, on a point of order. Answers to unstarred questions printed and given to us are not placed on the table of the House as usual. We have heard answers only to oral questions. I want to know when this Government is going to give us answers to questions posted for today.

Mr. Speaker: The rule is that answers to questions which are not called for answer within the time shou'd be placed on the table. If such answers are not placed on the table already, I will arrange to see that the answers are placed on the table of the House for the information of hon. Members as early as possible. I understand that answers are being collected for those questions.

Announcement *re* the election of the Deputy Speaker

മിസ്റ്റർ സ്പീക്കർ: ഡെപ്യൂട്ടിസ്പീക്കർ സ്ഥാനത്തിന് ശ്രീ. ടി. എസ്സ്. ബന്ധുവിനേയും, ശ്രീ. ടി. ടി. കേശവൻശാസ്ത്രിയേയും പേരുകൾ നിർദ്ദേശിച്ച് നാമനിർദ്ദേശപത്രികകൾ വന്നിട്ടുണ്ട്. അതിൽ ശ്രീ. ടി. എസ്സ്. ബന്ധു അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വം പിൻവലിച്ചിരിക്കുന്നതായി അറിയിച്ചിരിക്കുന്നതിനാൽ ശ്രീ. ടി. ടി. കേശവൻ ശാസ്ത്രിയുടെ സ്ഥാനാർത്ഥിത്വം മാത്രമെ ഇപ്പോൾ നിലവിലുള്ളു. അതുകൊണ്ട് ഒരു വോട്ടെടുത്ത് തിരഞ്ഞെടുപ്പ് നടത്തേണ്ട ആവശ്യം നേരിടുന്നില്ല. ശ്രീ. ടി. ടി. കേശവൻശാസ്ത്രിയെ ഈ സഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുത്തിരിക്കുന്നതായി പ്രഖ്യാപിച്ചിരിക്കുന്നു.

ശ്രീ. പി. സി. ആദിച്ചൻ: സർ, ഈ നിയമസഭയിലെ ഡെപ്യൂട്ടിസ്പീക്കറായി ശ്രീ. ടി. ടി. കേശവൻശാസ്ത്രിയെ എതിരില്ലാതെ തിരഞ്ഞെടുത്തതിലും പ്രത്യേകിച്ച് അങ്ങിനെ തെരഞ്ഞെടുക്കുന്നതിൽ അദ്ദേഹത്തെ അനുമോദിക്കുന്നതിനുള്ള ഈ അവസരം ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചുതന്നതിലും ഞാൻ പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

സർ, സാധാരണയായി നമുക്കിപ്പോൾ ഓണം കഴിഞ്ഞ സമയമാണല്ലോ; ഓണത്തിനു വീട്ടിൽ വിഭവസമൃദ്ധമായ ആഹാരം കഴിക്കുന്നു. അതുപോലെ നമ്മുടെ കൂലിക്കാർക്കും വീട്ടിലെ ജന്തുക്കൾക്കുപോലും ഓണം കൊടുക്കുക ഒരു പതിവാണ്. അപ്പോൾ വീട്ടുജന്തുവെന്നോ മൃഗമെന്നോ ഒരു വ്യത്യാസവും നാം കാണുന്നില്ല. അന്ന് എല്ലാം ഒന്നായിട്ടാണ് നാം കരുതുന്നത്. വീട്ടുജന്തുക്കളെന്നോ, മൃഗമെന്നോ, കൂലിക്കാരെന്നോ എന്നും നാം കരുതുന്നില്ല. എല്ലാ ദിവസവും ഈ ജന്തുക്കൾക്കും മൃഗങ്ങൾക്കും വീട്ടിലുള്ളവരെപ്പോലെ വിഭവസമൃദ്ധമായി ഓണം കൊടുക്കുക സാദ്ധ്യമല്ല. അതായത് ഒരു വീട്ടിൽ കന്നുകാലികൾ കാണും, പട്ടികാണും, കോഴികൾ കാണും മററു മൃഗങ്ങൾ കാണും. അവയെ എല്ലാം ഒന്നായി കരുതി അന്നൊരുദിവസം മാത്രം അവക്ക് ഓണം കൊടുക്കുന്നുണ്ട്. അതുപോലെ വല്ല സാമ്യവും ഇന്നു ഈ നിയമസഭയിൽനിന്നും ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്ത ശ്രീ. ടി. ടി. കേശവൻശാസ്ത്രിയുടെ സ്ഥാനലബ്ധിയിൽ ഉണ്ടോയെന്നു ചോദിക്കുന്നപക്ഷം ഉണ്ട് എന്നു പറയുന്നതിന് ഞാൻ ന്യായം കാണുന്നുണ്ട്.

അതായത് ഈ അവസാനവേളയിലെങ്കിലും അദ്ദേഹത്തിന് ഒരു ഓണം കൊടുത്തതുപോലെയാണ് അദ്ദേഹത്തിന്റെ ഈ സ്ഥാനലബ്ധി അദ്ദേഹത്തെ എതിരില്ലാതെ ഏതൊരു പാർട്ടിയിൽപെട്ട വ്യക്തിയായിരുന്നാലും തെരഞ്ഞെടുത്തതിൽ എനിക്കുള്ള കൃതജ്ഞത ഈ നിയമസഭയോടും പ്രത്യേകിച്ചു പാർട്ടിയോടും രേഖപ്പെടുത്തിക്കൊണ്ട് ഞാൻ വിരമിച്ചുകൊള്ളുന്നു.

Sri. P. Balakrishnan Tampi: Sir, I wish to congratulate Mr. T. T. Kesavan Sastri on the unanimous election to the high dignity of Deputy Speaker of this House. In electing him unanimously we have followed the high traditions of the Mother of Parliaments because in such places it is such people as Mr. Kesavan Sastri

who have had long experience of the legislature—I mean no disparagement—who have by their conduct and behaviour in the House endeared themselves to different sections of the House, it is such people that are elected to the Spearker's place elsewhere. It is not considered as a political price in England. Therefore we have ample reason to congratulate ourselves when we have followed the highest traditions of the Mother of Parliaments in electing an old Parliamentarian of the status of Mr. Kesavan Sastri to this high place. Further we have reason to congratulate ourselves when we are acting according to the spirit of the new Constitution, according to the directives of the Indian Prime Minister that the claims of backward brothers should be considered when the question of filling up such places arises. I for one, and I think many of my hon. friends would, share my view, feel happy that we have unanimously elected him not because he belongs to a particular community. It is because of the inherent worth of that experienced member of the House that we have chosen him—more because of that reason than of his communal claims. Sir, he belongs to a community which has been unfortunately behind for ages. Even today when all attempts are made by the Constitution to raise them, when all public-spirited people irrespective of their qualities are interested in them, you find back-biting for pulling them down. All over India such is the experience of the backward classes, and my friend belongs to that unfortunate community. Certainly it is the saddest blot on our Indian culture. When such is the case, it is a matter for gratification that all sections of the House unanimously and gladly have elected him to this high place. With these few words, I can assure the Deputy Speaker that the co-operation of this House would be available to him as it has been to his predecessor in office.

<u>ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി</u>: സർ, ശ്രീ. ടി. ടി. കേശവൻശാസ്ത്രിയെ ഈ നിയമസഭയുടെ ഡെപ്യൂട്ടിസ്പീക്കറായി തെരഞ്ഞെടുത്തതിൽ അദ്ദേഹത്തെ ഹാർദ്ദമായി അനുമോദിക്കുന്നതിനോടൊപ്പം ഈ സഭയോടുള്ള കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്യുന്നു.

സർ, തിരുവിതാംകൂറിൽ ജനകീയഭരണം നിലവിൽ വന്നതിനുശേഷം ഈ കോൺഗ്രസ്സ്പാർട്ടി ചെയ്തിട്ടുള്ള ഏററവും സ്തുത്യർഹമായ ഒരു കൃത്യമാണ് മി. ടി. ടി. കേശവൻശാസ്ത്രിയെ ഡെപ്യൂട്ടിസ്പീക്കറായി തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് പറയുന്നതിൽ യാതൊരു തെററുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

സർ, ഇവിടെ പലപ്രാവശ്യവും പല മന്ത്രിസഭാമാററങ്ങളും മററും ഈ നിയമസഭ വന്നതിനുശേഷം ഉണ്ടായിട്ടുണ്ട്. പല സന്ദർഭങ്ങളിലും ഈ നിയമസഭയിൽ പിന്നോക്കസമുദായങ്ങളെ സംബന്ധിച്ചിടത്തോളം അവക്ക് ലഭിക്കാവുന്ന ന്യായമായ സ്ഥാനങ്ങൾ നൽകുന്നതിന് കോൺഗ്രസ്സ്പാർട്ടിയോടും അതുപോലെ ഗവമെന്റിനോടും അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഗവമെന്റും പാർട്ടിയും അതിന് കണ്ണടക്കുകയാണ് ചെയ്തിട്ടുള്ളത്. അതുസംബന്ധിച്ചു മുൻ അവസരത്തിൽ ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു മെമ്പർ ചെയ്ത ഒരു പ്രസ്താവന ഇപ്പോഴും ഞാൻ നല്ലപോലെ ഓർക്കുന്നു. ആ പ്രസ്താവനയെ ഇന്നത്തെ ഈ നിയമസഭ അവഗണിക്കാൻ ഇടയായതിൽ ഞാൻ സന്തോഷിക്കുകയാണ് ചെയ്യുന്നത്. ഇവിടത്തെ പാർട്ടിയും ഗവമെന്റും അത്രത്തോളം അധഃപതിച്ചുപോയി എങ്കിൽ ഒരു ഹരിജനമന്ത്രിയാകുന്നതിൽ എനിക്കു വിരോധമില്ല എന്നാണ് ആ ബഹുമാനപ്പെട്ട കോൺഗ്രസ്സ് മെമ്പറുടെ അഭിപ്രായം. അങ്ങനെയുള്ള ഒരു അഭിപ്രായഗതിക്കു മാററം ഉണ്ടായി എന്ന് ശ്രീ. ടി. ടി. കേശവൻശാസ്ത്രിയെ ഡെപ്യൂട്ടി സ്പീക്കറായി എതിരില്ലാതെ തെരഞ്ഞെടുത്തതിൽ പാർട്ടിക്കുണ്ടായിട്ടുള്ള മാനസാന്തരത്തിൽ സന്തോഷിക്കുകയും, പാർട്ടിയിലുള്ള ഒരു

[Sri. P. K. Krishnan Sastri]

അവശസമുദായത്തിൽപ്പെട്ട ഒരു വ്യക്തിയെ തെരഞ്ഞെടുക്കുവാൻ പാർട്ടി തീരുമാനിച്ചതിൽ എനിക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു. ഈ സ്ഥാനം വളരെ ഗൗരവമേറിയ ഒന്നാണ്. നിയമസഭാസംബന്ധമായി ദീർഘകാലപരിചയവും, വേണ്ടത്ര പക്വതയും സിദ്ധിച്ചിട്ടുള്ള ഒരാളാണ് എന്റെ മാന്യ സ്നേഹിതൻ ശ്രീ. ടി. ടി. കേശവൻശാസ്ത്രി എന്നുള്ളത് എന്നെപ്പോലെ ഏവർക്കും അറിവുള്ളതാണല്ലോ. അദ്ദേഹത്തിന്റെ ദീർഘകാലത്തെ സേവനം, പരിപാവനവും, മററുള്ളവർക്ക് അസൂയാജനകവും ആയിരുന്നു എന്നതു് ഒരു തുറന്ന പരമാർത്ഥമാണ്. ഈ അവസാനസന്ദർഭത്തിലെങ്കിലും ഒരു ഡെപ്യൂട്ടിസ്പീക്കർസ്ഥാനം ഇദ്ദേഹത്തിനു് നൽകിയതിൽ ഈ പാർട്ടിയോടും ഈ നിയമസഭാമെമ്പറന്മാരോടും എനിക്കുള്ള കൃതജ്ഞത ഒന്നുകൂടി രേഖപ്പെടുത്തികൊണ്ടും അദ്ദേഹത്തിന് സർവ്വവിജയങ്ങളും ആശംസിച്ചുകൊണ്ടും ഞാൻ വിരമിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. ദേവൻ: സർ, ആദ്യമായി ഈ കൊച്ചി–തിരുവിതാംകൂറിൽ ഭരണം നടത്തികൊണ്ടുവരുന്ന ഇവിടത്തെ കോൺഗ്രസ്സ് പാർട്ടിയുടെ ഒരു പ്രായശ്ചിത്തമാണ് ഈ കൃത്യം എന്നു പറയുന്നതിനു് എനിക്കു് വലുതായ സന്തോഷമുണ്ട്. ഇതു് ഏററവും ന്യായമായ ഒരു കൃത്യമാണെന്നാണ് ഞാൻ കരുതുന്നതു്. ഇവിടെ ജനകീയഭരണം വന്നിട്ട് മൂന്നേമുക്കാൽ വർഷം കഴിഞ്ഞിട്ടും ഒരു മൂന്നു ദിവസത്തെയെങ്കിലും ഒരു ഡെപ്യൂട്ടി പ്രസിഡൻറായി ശ്രീ. ടി. ടി. കേശവൻശാസ്ത്രിയെ തെരഞ്ഞെടുത്തതിൽ ഈ പാർട്ടിയെ ഞാൻ അഭിനന്ദിക്കുകയും വളരെ സ്തുതിക്കുകയും ചെയ്യുന്നു. ഈ മാതിരിയുള്ള കാര്യങ്ങൾ ഇന്നു് നിലവിലിരിക്കുന്ന ഗവൺമെൻറും ഭരണം നടത്തുന്ന പാർട്ടിയും ഇതിനു മുമ്പും ചെയ്തിട്ടുള്ളതു് പക്ഷെ ഒന്നോ രണ്ടോ കാണുമായിരിക്കാം. പിന്നോക്ക സമുദായത്തിൽ കൂടുതൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ആളുകൾ ഇന്നു് തിരുവിതാംകൂറിലുണ്ട്. ഇൻഡ്യയേയും മററുള്ള സംസ്ഥാനങ്ങളേയും അപേക്ഷിച്ചു തിരുവിതാംകൂറിലെ പിന്നോക്കസമുദായക്കാരാണ് വിദ്യാഭ്യാസത്തിൽ മുന്നിട്ടു നില്ക്കുന്നതു്. ഇപ്പോൾ തിരുവിതാംകൂറിൽ ജനകീയഭരണം വന്നതിനുശേഷം ഏകദേശം ൩൦൦-ൽ പരം വിദ്യാർത്ഥികൾ കോളേജുക്ലാസുകളിലും, ആയിരത്തോളം വിദ്യാർത്ഥികൾ ഹൈസ്കൂൾ ക്ലാസുകളിലും അത്രയുംതന്നെ വിദ്യാർത്ഥികൾ മിഡിൽ സ്കൂൾ ക്ലാസുകളിലും വിദ്യാഭ്യാസം ചെയ്തുവരുന്നുണ്ട്. ഇത്രയും അഭിവൃദ്ധി ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ പിന്നോക്കസമുദായത്തിനുണ്ടായിട്ടുള്ളതിൽ ഈ ഗവൺമെൻറിന്റെ പ്രവർത്തനം മുന്നോട്ടു പോയികൊണ്ടിരിക്കുന്നതായി കാണുന്നുണ്ട്. അതുകൊണ്ടു് ആ വിഷയത്തിൽ എനിക്കു് ഗവൺമെണ്ടിനോടുള്ള നന്ദിയെ ഞാൻ ഈ അവസരത്തിൽ പ്രദർശിപ്പിച്ചുകൊള്ളുന്നു. മുമ്പ് ഇവിടെ പിന്നോക്കസമുദായക്കാർ എന്നറിയപ്പെട്ടിരുന്നവർ പുലയർ, പറയർ തുടങ്ങിയ ആളുകളാണ്. അങ്ങിനെയുള്ള പിന്നോക്കസമുദായക്കാരുടെ ഇടയിൽ നിന്നു അവരുടെ പ്രാതിനിദ്ധ്യത്തോടുകൂടി ഈ തിരുവിതാംകൂർ നിയമസഭയിൽ കഴിഞ്ഞ ൨൫ വർഷക്കാലത്തോളം ഒരംഗമായിരുന്നു പ്രവർത്തനം നടത്തിയിട്ടുള്ള ഒരാളാണ് ശ്രീ. കേശവൻശാസ്ത്രി അവർകൾ. ജനകീയഭരണം വരുന്നതിനു് മുമ്പുതന്നെ വളരെക്കാലം അദ്ദേഹം ഈ നിയമസഭയിൽ അംഗമായിട്ടുണ്ട്. ജനകീയഭരണം വന്നതിനുശേഷം ഇന്നത്തെ ജനകീയ ഗവൺമെൻറിനും ഭരണം നടത്തുന്ന പാർട്ടിക്കും വിശ്വസനീയമായ നിലയിൽ പിന്നോക്കസമുദായങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തെതന്നെ ഡെപ്യൂട്ടിസ്പീക്കറായി തെരഞ്ഞെടുക്കുവാൻ കഴിഞ്ഞതിൽ ഞാൻ അഭിനന്ദിക്കുകയും അദ്ദേ

ഹത്തിന്റെ ഈ സ്ഥാനലബ്ധിയിൽ ഞാൻ അദ്ദേഹത്തെ കൂടുതൽ കൂടുതൽ ആശംസിക്കുകയും ചെയ്യുന്നു.

Sri. Alexander Parambithara: I also wish to associate myself with the sentiments of congratulations expressed in this House on the election of Mr. T. T. Kesavan Sastri as the Deputy Speaker. Mr. Sastri in an elderly and a highly respected leader with the backing of a considerable section of the citizens of our State. Added to that he has experience of about twenty-five years in legislative business in the old Travancore as well as the present Travancore-Cochin Assembly. His experience in the legislative line as well as in the public life outside will, I am sure, stand him in good stead in carrying out the responsibilities entrusted to him in his new office. And while congratulating him on his well-merited choice, I wish him in his tenure of office all success.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: സർ, മി. കേശവൻശാസ്ത്രിയെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. ശ്രീ. കേശവൻശാസ്ത്രി അവർകളുടെ സമുദായത്തിൽനിന്നു ആദ്യമായി ശാസ്ത്രിപരീക്ഷ പാസ്സായതു് അദ്ദേഹമാണു്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസയോഗ്യതയും മററു വിധത്തിലുള്ള യോഗ്യതകളും ആരംഭകാലത്തുതന്നെ തിരുവിതാംകൂറിലെ ഇതര ഹിന്ദുവിഭാഗങ്ങളും ഗവമ്മെൻറും ആദരിച്ചുപോന്നിട്ടുണ്ടെന്നു പറയുവാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു. തിരുവിതാംകൂറിൽ എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം കൊടുക്കുന്നതിനു ആരംഭിച്ചകാലത്തു ഗവമ്മെൻറിൽനിന്നും നിയമിച്ച ക്ഷേത്രപ്രവേശന കമ്മിററിയിൽ ശാസ്ത്രി അവർകളും ഒരു മെമ്പറായിരുന്നു. അന്നു കേശവൻശാസ്ത്രി അവർകൾ കമ്മിററി മെമ്പറന്മാരുമായി ചേർത്തലയിൽ വന്നിരുന്ന അവസരത്തിൽ ശ്രീ. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള അദ്ദേഹത്തെപ്പററി വളരെ കാര്യമായി എന്നോടു സംസാരിച്ചിട്ടുണ്ടു്. കുളികഴിഞ്ഞു് ഭസ്മചന്ദനാദികളും സുഗന്ധദ്രവ്യങ്ങളും പൂശി വളരെ സംസ്കാരത്തോടെയാണു് അദ്ദേഹത്തിന്റെ പെരുമാററമെന്നു് ശ്രീ. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പറഞ്ഞിട്ടുണ്ടു്. അതുപോലെ തിരുവിതാംകൂർ നിയമസഭയിൽനിന്നും ഉണ്ടാക്കിയിട്ടുള്ള പല കമ്മിററികളിലും ശാസ്ത്രി അവർകൾ മെമ്പറായിരുന്നു. അസംബ്ലിയിൽനിന്നും നിയമിച്ച കമ്മിററികളിലെ മെമ്പറെന്ന നിലയിലും സമുദായത്തിലെ ഒരു അംഗമെന്ന നിലയിലും ശാസ്ത്രി അവർകൾ സാമൂഹ്യമായും രാജ്യകാര്യപരമായും. വളരെ കാര്യമായി പ്രവൃത്തിച്ചിട്ടുണ്ടു്. വളരെക്കാലം അവശസമുദായങ്ങളുടേയും രാജ്യത്തിന്റേയും ശ്രേയസ്സിനുവേണ്ടി പ്രവർത്തിച്ചുപോന്നതിന്റെ ഫലമായിട്ടാണു് ശ്രീ. കേശവൻശാസ്ത്രിയെ ഈ നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി ഈ സഭ തെരഞ്ഞെടുത്തതു് എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം ആർക്കും ബഹുമാന്യമായ ഒരു പദവിയാണു്. ഏതൊരു സമുദായത്തിൽപ്പെട്ട ആളുകൾക്കും ആ സ്ഥാനത്തു ഇരിക്കാവുന്നതാണു്. തിരുവിതാംകൂറാണു് എല്ലാ സാമൂഹ്യപരിഷ്കാരങ്ങളിലും മുന്നോട്ടുവന്നിട്ടുള്ളതു്. അങ്ങിനെയുള്ള ഈ രാജ്യത്തു തിരു-കൊച്ചി സംയോജനത്തിനുശേഷം ഡെപ്യൂട്ടിസ്പീക്കറുടെ സ്ഥാനം ഒഴിവുവന്ന അവസരത്തിൽ അദ്ദേഹത്തിന്റെ യോഗ്യതയും അദ്ദേഹത്തിന്റെ സമുദായത്തിന്റെ അവകാശവും പരിഗണിച്ചാണു് അദ്ദേഹത്തെ തെരഞ്ഞെടുത്തതു്. ഓണത്തിനു നാല്ക്കാലികൾക്കും വേലക്കാർക്കും ചില സൽക്കാരങ്ങൾ ലഭിക്കാറുള്ളതുപോലെയെന്നും മൂന്നേമുക്കാൽ നാഴികത്തേക്കെങ്കിലും കിട്ടിയല്ലൊ എന്നും മററും ചില മെമ്പറന്മാർ ചെയ്ത പരാമർശനം സന്ദർഭത്തിന്റേയും സ്ഥാനത്തിന്റേയും ഗൌരവവും മഹിമയും കുറയ്ക്കുന്ന പ്രസ്താവനകളാണു്. ഈ സ്ഥാനത്തേക്കു് അദ്ദേഹ

[Sri. Krishnan Ayyappan]

ത്തിനുള്ള അർഹത ഈ സഭ ശരിക്ക് മനസ്സിലാക്കിയതിനെയാണ് അദ്ദേഹത്തെ തെരഞ്ഞെടുത്തതു്. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം ലഭിച്ചതിൽ ശ്രീ. കേശവൻ ശാസ്ത്രി അവർകളേയും അദ്ദേഹത്തെ എതിരില്ലാതെ ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തതിൽ ബഹുമാനപ്പെട്ട സഭയേയും ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ സഭയിലെ ഡെപ്യൂട്ടി പ്രസിഡൻറായിരിക്കുവാൻ ശ്രീ. കേശവൻശാസ്ത്രി അവർകൾ എന്തുകൊണ്ടും അർഹനാണെന്നുള്ള ഈ സഭയുടെ ഏകകണ്ഠമായ ഔചിത്യബോധത്തെ ഞാൻ ആദരിക്കുന്നു. പിന്നോക്കസമുദായക്കാരുടെ അഭിവൃദ്ധിക്കായി പ്രവർത്തിച്ചിട്ടുള്ള ഒരാളാണ് എന്ന നിലയിലും ഈ സ്ഥാനത്തിരിക്കുവാൻ അദ്ദേഹം അർഹനാണ്. അതുകൊണ്ട് ഈ സഭ അദ്ദേഹത്തെ എതിരില്ലാതെ തെരഞ്ഞെടുത്തതിൽ ഞാൻ ഈ സഭയേയും അദ്ദേഹത്തേയും അഭിനന്ദിച്ചുകൊള്ളുന്നു.

ശ്രീ. ടി. എസ്സ്. ബന്ധു: ഡെപ്യൂട്ടി സ്പീക്കരുടെ സ്ഥാനത്തേക്ക് ഞാനും നോമിനേഷൻ കൊടുത്തിരുന്നു. എന്നാൽ പാർട്ടിയുടേയോ മററാരുടെയെങ്കിലുമോ ഉപദേശംകൊണ്ടല്ല ആ സ്ഥാനാർത്ഥിത്വം ഞാൻ പിൻവലിച്ചതു്. ശ്രീ. കേശവൻശാസ്ത്രി അവർകളെ ഡെപ്യൂട്ടി സ്പീക്കറായി ഈ സഭ തെരഞ്ഞെടുത്തതിൽ അനുമോദിക്കുന്നവരുടെ കൂട്ടത്തിൽ ഒരാളാണ് ഞാനും. ആലുവായിൽ ശ്രീ. നാരായണഗുരുസ്വാമികളുടെ അദ്വൈതാശ്രമത്തിൽ ശ്രീ. കേശവൻശാസ്ത്രി ഒരു വിദ്യാർത്ഥിയായിരുന്നകാലത്തു എനിക്ക് അദ്ദേഹത്തെ നേരിട്ടറിയുവാൻ ഇടവന്നിട്ടുണ്ട്. പ്രത്യേകിച്ചും അദ്ദേഹം ഹരിജനസമുദായത്തിൽപ്പെട്ട ഒരു വ്യക്തിയായതുകൊണ്ടും ഡെപ്യൂട്ടി സ്പീക്കരുടെ സ്ഥാനത്തിരിക്കുവാൻ എന്നെക്കാൾ കൂടുതൽ അദ്ദേഹം അർഹനാണെന്നുള്ളതുകൊണ്ടുമാണ് ഞാൻ കൊടുത്ത നോമിനേഷൻ പിൻവലിച്ചതു്. അദ്ദേഹത്തെ ഈ സഭ യാതൊരു എതിർപ്പും കൂടാതെ ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തതിൽ ഞാൻ ഈ സഭയേയും അദ്ദേഹത്തേയും ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, ശ്രീ. കേശവൻശാസ്ത്രിയെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതിൽ ഞാൻ അനുമോദിക്കുന്നു. അദ്ദേഹത്തെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്ത അവസരത്തിൽ എനിക്കു പ്രത്യേകിച്ചും ഒരു സന്തോഷമാണുള്ളതു്. അദ്ദേഹത്തെ തെരഞ്ഞെടുത്താൽ ഒരു മന്ത്രിസ്ഥാനത്തിനുവേണ്ടിയോ ലീഡർസ്ഥാനത്തിനുവേണ്ടിയോ ശ്രമിക്കുവാനിടയില്ല എന്ന് എനിക്ക് വിശ്വാസമുണ്ട്. അതുപോലെതന്നെ പാർട്ടി പാലിററിക്സിൽ ഇടപെട്ടു അദ്ദേഹം ഈ നിയമസഭയുടെ സ്പീക്കർ സ്ഥാനത്തിൻെറ പാരമ്പര്യത്തിനു ഹാനിവരുത്തുകയില്ലെന്നും എനിക്കറിയാം.

മിസ്റ്റർ സ്പീക്കർ: ആർഡർ, ആർഡർ. മെമ്പർ ഇറലവൻറായിട്ടു സംസാരിക്കുവാൻ അനുവദിക്കുകയില്ല. ഡെപ്യൂട്ടി സ്പീക്കർക്ക് പാലിററിക്സിൽ ഇടപെടുവാൻ പാടില്ലെന്നു റൂൾസില്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: ഏതായാലും ശ്രീ. കേശവൻശാസ്ത്രിയെ തെരഞ്ഞെടുത്തതിൽ ഈ സഭയ്ക്കു ദോഷമൊന്നും വരുവാനില്ലെന്നുള്ളതുകൊണ്ട് ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു.

Sri. N. D. Jose: Sir, I also rise to offer my congratulations along with the congratulations that have been showered on the new Deputy Speaker Mr. Sastri. As a believer in socialism I would say that I am very happy about his election as the Deputy Speaker because he is a person who has come right out of the working class in the State. We value the Harijans more as a part of the working class and

the Kisans in this country than considering them merely as depressed class on caste basis. As has been already pointed out, Sir, he has had a long experience and I hope that he will have a very useful career as Deputy Speaker and that he will guide the proceedings of this House to the best of his capacity. I congratulate him once again.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ,

മിസ്റ്റർ സ്പീക്കർ: ഇവിടെ നടന്ന അനുമോദന പ്രസംഗങ്ങൾക്ക് അവസാനമായ ഒരു മറുപടി പറയുവാനാണോ മെമ്പർ ആഗ്രഹിക്കുന്നതു്?

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അതെ.

മിസ്റ്റർ സ്പീക്കർ: ശ്രീമാൻ കേശവൻശാസ്ത്രി അവർകളെ ഈ സഭയിലെ ഡെപ്യൂട്ടി സ്പീക്കറായിട്ട് ഈ സഭ തിരഞ്ഞെടുത്തതിൽ അദ്ദേഹത്തെ എന്റെ സ്വന്തം നിലയിലും ഈ സഭയുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടുള്ള നിലയിലും ഞാനും അനുമോദിച്ചുകൊള്ളുന്നു. അദ്ദേഹത്തെ നല്ലപോലെ പരിചയമുള്ള പല ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെയുണ്ട്. അവശസമുദായത്തിന്റെ ഉന്നമനത്തിനായിട്ടും മറ്റും കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുള്ളവരായി അദ്ദേഹത്തെപ്പോലെ അധികം ആരും ഉണ്ടായിരിക്കുമെന്ന് എനിക്കു തോന്നുന്നില്ല. വളരെ ഊർജ്ജസ്വലതയോടും കാര്യക്ഷമമായും സമുദായത്തിന്റെ അഭിവൃദ്ധിക്കും ഉൽക്കർഷത്തിനും വേണ്ടി അദ്ദേഹം പ്രവർത്തിച്ചുവരുന്നതായി എനിക്കു അനുഭവമുണ്ട്. ഈ നിയമസഭയിൽ അദ്ദേഹത്തെപ്പോലെ ഇത്ര ദീർഘകാലത്തെ പരിചയമുള്ളവരായി മറ്റാരുമുണ്ടെന്നും എനിക്കു തോന്നുന്നില്ല. ഈ സഭയെ സംബന്ധിച്ച് അദ്ദേഹത്തിന് കൂടുതൽ താല്പര്യവും തീക്ഷ്ണതയും ഉള്ളതായി പലപ്പോഴും എനിക്ക് നേരിട്ടറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ചോദ്യങ്ങൾ വളരെ ആലോചിച്ചും ബുദ്ധിപൂർവ്വമായും തക്കസമയത്തും അദ്ദേഹം അയക്കും. ഏറ്റവും ആദ്യമായി ഈ സഭയിൽ കിട്ടുന്ന ചോദ്യങ്ങൾ ശ്രീ. കേശവൻശാസ്ത്രി അവർകളുടേതാണ്. അദ്ദേഹത്തിന്റെ ചോദ്യങ്ങളിൽ യാതൊരു അബദ്ധവും ഉള്ളതായി കണ്ടിട്ടില്ല. ഒരു പ്രാവശ്യം ചോദിക്കുന്ന ചോദ്യം ഭാഷമാറ്റി മറ്റൊരു പ്രാവശ്യം ചോദിക്കുന്ന പതിവ് അദ്ദേഹത്തിനില്ല. അദ്ദേഹത്തെ ഈ സഭയിലെ ഡെപ്യൂട്ടി സ്പീക്കറായി എതിരില്ലാതെ തിരഞ്ഞെടുത്തതിൽ ഞാൻ അദ്ദേഹത്തെ അനുമോദിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം ഭംഗിയായി നിർവ്വഹിക്കുവാൻ ഈ സഭയുടെ പരിപൂർണ്ണമായ സഹകരണമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുകയും, അതു് ഈ സഭയ്ക്കുവേണ്ടി വാഗ്ദാനം ചെയ്യുകയും ചെയ്തുകൊള്ളുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, എന്നെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുത്തതിൽ ബഹുമാന്യരായ പല സാമാജികന്മാരും അനുമോദന പ്രസംഗങ്ങൾ ചെയ്തു. ജീവിതത്തിന്റെ പിൻപടികൾ പിന്തിരിഞ്ഞു് ചിന്തനം ചെയ്യുതിൽ ഈ അനുമോദന പ്രസംഗങ്ങൾ എനിക്ക് പ്രോത്സാഹനം നൽകുന്ന വസ്തുത പ്രത്യേകിച്ച് പറയേണ്ടതായിട്ടില്ല. ഈ നിയമസഭയുടെ പാരമ്പര്യവും അന്തസ്സും പ്രചണ്ഡമായ പ്രവർത്തന പരിപാടികളും ശരിയായി അറിയുവാൻ കഴിഞ്ഞിടത്തോളം ഇതിന്റെ ഗൗരവം വേണ്ടവിധം മനസ്സിലാക്കുവാൻ എന്റെ എളിയ ബുദ്ധിക്കു കഴിഞ്ഞിട്ടുണ്ടെന്നുള്ള പരമാർത്ഥവും മറച്ചുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ സ്ഥാനത്തേക്കു ബഹുമാനപ്പെട്ട ഈ സഭ എന്നെ തിരഞ്ഞെടുത്തതിൽ ഞാൻ അതീവ കൃതജ്ഞനാണ്. രാജായത്ത ഭരണം മാറി തൽസ്ഥാനത്ത് ജനായത്തഭരണം സ്ഥാപിതമായതോടുകൂടി ഏതാദൃശ കാര്യങ്ങൾക്കു പ്രാധാന്യം നൽകുന്നതു് നിശ്ചയമായും പരിചിന്തനാർഹമാണല്ലോ. ഈ സന്ദർഭത്തിൽ അങ്ങയുടെ സാന്നിദ്ധ്യത്തിൽ വിവിധ കക്ഷികളിൽപെട്ട

[Sri. T. T. Kesavan Sastri]

ഈ നിയമസഭ ഐകകണ്ഠ്യമായി എന്നെ ഈ സ്ഥാനത്തേക്കു തിരഞ്ഞെടുക്കുവാൻ സംഗതിയായിരിക്കുന്നു. കഴിഞ്ഞ കാലത്തു ബഹുമാനപ്പെട്ട മെമ്പർമാർ അനുസ്മരിക്കാതിരിക്കയില്ലല്ലോ. രാജായത്ത ഭരണകാലത്തും അധഃകൃതരായി അധഃസ്ഥിതരായി ഒരു വലിയ ജനതതി ഇവിടെ കഴിഞ്ഞിരുന്നു. ഇവരെ ഉദ്ധരിക്കുന്നതിനു രാജായത്ത ഭരണകാലത്തും പല നല്ല പ്രവൎത്തനങ്ങളും ചെയ്തിരുന്നു. രാജായത്ത ഭരണംപോയി ജനായത്ത ഭരണത്തിന്റെ ആഗമനത്തിലും പടിപടിയായി പിന്നോക്കസമുദായം ഉദ്ധരിക്കപ്പെടുകയും മുമ്പുണ്ടായിരുന്ന പലവിധ അവശതകളും ഉന്മൂലനം ചെയ്യപ്പെടുകയും ചെയ്യുന്നുണ്ടെന്നുള്ളതു് ഒരു പരമാൎത്ഥം മാത്രമാണു്.

ക്രിസ്തുദേവസ്യ ത്യാഗശീലമസ്തമാകം പാൎത്ഥ–
സാരഥേർ ധൎമ്മരക്ഷാ നൈപുണമനന്യാദൃശം
ശാക്യദേവസ്യ ഹിംസാലേശ രാഹിത്യം ശ്രീമത്–
ശങ്കരാചാര്യസ്വാമി വൎയ്യസ്യ ബുദ്ധിമത്വം
രന്തിദേവസ്യ താദൃക്ക് കാരുണ്യം ഹരിശ്ചന്ദ്ര
ചക്രവൎത്തിന: സത്യസന്ധത്വമനൽഭടം
കിം ച ശ്രീ മഹമ്മദ നിബി ദേവസ്യ ധൈൎയ്യം
നിഖില മേതദ്യസ്മിൻ സംശ്ലിഷ്ടം മഹാത്മനി
കാദൃശോ ജഗദേക ദേശികോ വിജയതേ
തദൃശത്യാഗീ കൎമ്മയോഗീ ച വിജയതേ:;

ഏതാദൃശ ഗാന്ധിസമാണു് ഇന്നത്തെ സൎവ്വതന്ത്ര സ്വതന്ത്രമായ ജനായത്ത സിദ്ധാന്തത്തെ നയിച്ചുകൊണ്ടിരിക്കുന്നതു്. ഇതു ഞാൻ ഈ സന്ദൎഭത്തിൽ പറയുന്നതു് ജനായത്താധികാരത്തിനുവേണ്ടി പ്രവൎത്തിച്ച സൎവ്വജനാരാധ്യനായ മഹാത്മഗാന്ധിയും അദ്ദേഹത്തിന്റെ അനുയായികളായ സഹകാരികളും ഹരിജനോദ്ധാരണത്തിൽ ബദ്ധശ്രദ്ധരായതിലാണു്. ഈ തിരഞ്ഞെടുപ്പു് തിരു.-കൊച്ചി സംസ്ഥാനത്തിൽ ചരിത്രം സൃഷ്ടിക്കുന്ന ഒരു സംഭവമായി കരുതുന്നതിൽ ആരെങ്കിലും ശങ്കിക്കുമെന്നു ഞാൻ കരുതുന്നില്ല. എന്നെ ഈ സ്ഥാനത്തേക്കു തിരഞ്ഞെടുക്കുവാൻ ഇടയായതിൽ ആശീസ്സുകൾ നൽകിയും സഹകരണ വാഗ്ദാനങ്ങൾ നൽകിയും പ്രോത്സാഹിപ്പിച്ച ബഹു. സാമാജികന്മാരോടും മറ്റെല്ലാ സുഹൃത്തുക്കളോടും അങ്ങയോടും എനിക്കുള്ള അനിതരസാധാരണമായ നന്ദി പ്രത്യേകം പ്രകടിപ്പിച്ചുകൊള്ളുന്നു.

Announcement *re:* Resignation of the Hon'ble Speaker.

മിസ്റ്റർ സ്പീക്കർ: ഒരു വിവരംകൂടി സഭയെ അറിയിക്കണമെന്നു് ആഗ്രഹിക്കുന്നു. അടുത്തദിവസംമുതൽ ഊൎജ്ജിതത്തിൽ വരത്തക്കവണ്ണം എന്റെ സ്പീക്കർസ്ഥാനം രാജി കൊടുക്കുന്നതിനും രാജിക്കത്തു് ഡെപ്യൂട്ടി സ്പീക്കറെ ഏല്പിക്കുന്നതിനും ഞാൻ തീരുമാനിച്ചിരിക്കയാണു്. എന്റെ കൃത്യനിൎവ്വഹണത്തിൽ ഈ സഭ പ്രദൎശിപ്പിച്ചിട്ടുള്ള എല്ലാ സഹായസഹകരണങ്ങൾക്കുമായി സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളോടും, പത്രപ്രതിനിധികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ള അനുഭാവപൂൎണ്ണമായ എല്ലാ പ്രോത്സാഹനങ്ങൾക്കുമായി അവരോടും എന്റെ നിഷ്കളങ്കമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. ഇപ്പോൾ സഭ പിരിയുന്നതും നാളെ കാലത്തു് ൧൧ മണിക്കു വീണ്ടും കൂടുന്നതുമാണു്.

The House adjourned at 2-45 p. m. to meet again at 11 a. m. on Tuesday, the 18th September 1951

V. KRISHNAMOORTHI,
Secretary to the Legislative Assembly.

APPENDIX I

*(Please see Answer to Question No. *4)*

List of Institutions to which continued payment of grants are recommended by the Committee

	Name of Institution	Amount Rs.	Remarks
1.	Harijan Sevak Sangh, Nagercoil	20	Monthly
2.	Reading Room and Library at Perumpazhuthur	20	,,
3.	City Scavengers' Union, Trivandrum	80	,,
4.	Village Cottage Industries, Gowreesapattom	60	,,
5.	Central Distress Relief Institute, Trivandrum	60	At Rs. 10 each to 6 students for their training in the institution.
6.	Gunadharma Orphanage, Pallikkal	60	Monthly
7.	Karthika Tirunal Reading Room, Pullad	20	,,
8.	Cottage Industries, Payippad	20	,,

List of new Institutions to which grants were recommended

	Name of Institution	Amount Rs.	Remarks
1.	Library for the Depressed Class Federation, Shencottah	20	Monthly
2.	Library of the Thandar Mahasabha, Chengannoor	20	,,
3.	Library of the Kizhakkapulaya Seva Samithy, Kangazha	20	,,
4.	Library for the Harijan Sevak Sangh, Munnar	20	,,
5.	Pandit Karuppan Memorial Reading Room, Vaikom	20	,,
6.	Library for the Kadar Kendram, Chalakkudi	20	,,
7.	Parayar Mahasabha Reading Room, Erumeli	20	,,

List of Institutions to which grants have been recommended without specifying the amount of grants

	Name of Institution	Amount of lump grant applied for Rs.	Purpose
1.	Sri Chitra Vilasom Weaving School, Venganoor	1,500	For the reconstruction of school building.
2.	Araya Coir Industries Centre, Kollengode	500	In aid of the Coir making industry.
3.	Sri Chitra Mandiram, Pullad	500	For attending to the repairs of the building.
4.	Kudumbi Industrial Co-operative Society No. 718, Poyya		In aid of the coir making industry.

APPENDIX II

*(Please see answer to Question No. *18)*

THE MEDICAL COLLEGE, TRIVANDRUM

1st Year M. B. B. S.—1951—'52.

Admission No.	Sl. No.	Name	Register No.	Remarks
				Community
38	1	Abdul Ghafoor, P. K.	484	Muslim
1	2	Alexander, P. K.	569	Jacobite
20	3	Annamma Thomas, P.	485	Marthomite
21	4	Balaraman Nair, M.	20	Nair
2	5	Balendran, K.	415	Ezhuva
39	6	Bhaskaran, P. N.	379	Pattarya
22	7	Chandrasekhar, K. P.	437	Nair
23	8	Damodaran, K.	561	Ezhuva
57	9	Edith, J. P.	603	Lat. Catholic
40	10	George, K. P.	223	Rom. Catholic
24	11	George Thomas	548	Anglican Syrian
3	12	Girija Devi Amma, K. C.	6	Nair
41	13	Gokulanathan, K. S.	361	do.
42	14	Gopi, C. K.	403	Ezhuva
4	15	Gopinatha Kottoor	304	Nair
25	16	Indira, S.	220	Ezhuva
5	17	Indira Devi, T.	232	Nair
6	18	Joseph, P. P.	500	Rom. Catholic
7	19	Karthikeyan, R.	33	Ezhuva
43	20	Komalam, P.	586	Nair
8	21	Krishna Das, K. V.	181	Brahmin
44	22	Kuriakose, K. I.	442	Jacobite
26	23	Kuttikrishnan Nayar, K. G.	512	Nair
9	24	Lakshmi Bai, V. R..	104	Ezhuva
10	25	Leela Moni, D.	322	S. I. U. C.
11	26	Lily George	89	Jacobite
45	27	Lily Ninan	22	Marthomite
27	28	Manohar Kini, P.	608	G. S. Brahmin
12	29	Mariamma, Oommen	107	Marthomite
28	30	Mathew M. Illickal	224	Rom. Catholic
29	31	Mathew Zachariah	180	Jacobite
30	32	Mohamed Illas, P. M.	79	Muslim
46	33	Pareed Pillai, M. K.	390	Muslim

Admission No.	Serial No.	Name	Register No.	Remarks
				Community
31	34	Paul, T. M.	602	Lat. Catholic
32	35	Poulose, S.	357	Lat. Catholic
47	36	Purushothaman, C. K.	527	Arayar
48	37	Radhakrishnan, T.	144	Nair
33	38	Rajan, S. S.	173	Nadar
49	39	Rajan, V. K.	430	Vala
13	40	Ramachandran, K.	136	Pulaya
50	41	Ramakrishnan, C. K.	60	Ezhuva
51	42	Ramaswamy, N. G.	217	Brahmin
34	43	Ravindran, N.	145	Ezhuva
52	44	Rosaline, A. E.	207	Rom. Catholic
30	45	Sankaran Valiathan, M.	154	Nair
14	46	Santhakumari, G.	449	Nair
15	47	Sarada Devi, A.	531	Nair
59	48	Saraswathy, K.	25	Kammala
16	49	Saraswathi Ammal, R.	234	Brahmin
58	50	Sarojam, S.	557	Cheramar Xian
53	51	Sukumaran, K.	455	Nair
17	52	Sukumaran, P.	3	Barbar
36	53	Subangala Amma, V.	98	Ezhuva
18	54	Sushama Nilakantan	275	Ezhuva
54	55	Teresa, K. D.	261	Rom. Catholic
37	56	Thomas, E. A.	229	Rom. Catholic
55	57	Thomson Mathew	374	Rom. Catholic
56	58	Venugopalan K.	522	Marar (Nair)
19	59	Venugopalan Nayar, K.	148	Nair
	60	Philip, K.	78	Anglican Syrian

APPENDIX III

*(Please see answer to Question No. * 19)*

<u>കമ്മ്യൂണിസ്റ്റ് പാർട്ടി</u>

(എ) ആഗസ്റ്റ് മാസത്തിൽ അറസ്റ്റുചെയ്തു തടങ്കലിലാക്കിയിട്ടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പെട്ടവരുടെ എണ്ണവും പേരു വിവരവും.

൧. സി. കെ. കുമാരൻ

൨. സി. കെ. കുമാരപ്പണിക്കർ

൩. സി. ജി. സദാശിവൻ

൪. സി. എസ്സ്. രാമകൃഷ്ണൻ

APPENDIE III—*(cont.)*

൫. സി. കെ. കേശവൻ
൬. എസ്സ്. കെ. ദാസ്
൭. എ. യൂസഫ്
൮. കെ. ആർ. ഗൗരി
൯. സി. കെ. വേലായുധൻ
൧൦. പി. ജി. പത്മനാഭൻ
൧൧. കെ. കെ. കുഞ്ഞൻ
൧൨. ടി. കെ. വറുഗീസ് വൈദ്യൻ
൧൩. വി. എ. സൈമൺ
൧൪. ആർ. സുഗതൻ
൧൫. ടി. വി. തോമസ്
൧൬. എ. ജാർജ്ജ് *Alias* ജാർജ്ജ് ചടയംമുറി
൧൭. കെ. ടി. ജേക്കബ്
൧൮. പി. ഭാസ്കരൻനായർ
൧൯. കെ. സദാനന്ദൻ
൨൦. വി. കെ. ശ്രീധരൻ
൨൧. ഇസ്സാക്ക് സ്റ്റീവാട്ട്
൨൨. പീരുക്കണ്ണു ഫക്കീർഖാൻ
൨൩. പി. ഐ. രാഘവൻ
൨൪. ജെ. എഫ്. കര്യൻ
൨൫. പി. സി. ഫിലിപ്പ്
൨൬. എം. കെ. ജാർജ്ജ്
൨൭. ഗോപാലകൃഷ്ണൻ നായർ *Alias* പാമ്പാടി ബാലൻ
൨൮. മാടസ്വാമി
൨൯. ശിവശങ്കരൻ
൩൦. പി. കെ. രാമൻ
൩൧. പ്രഭാകരൻ നായർ
൩൨. പി. എം. കുരുവിള
൩൩. കോലപ്പനാശാരി
൩൪. വി. കെ. നാരായണപിള്ള
൩൫. ചാക്കോ സ്കറിയാ
൩൬. പി. ടി. മേരി

(ബി) ഇവരിൽ ചേർത്തല താലൂക്കുകാർ

൧. സി. കെ. കുമാരൻ
൨. സി. കെ. കുമാരപ്പണിക്കർ
൩. സി. ജി. സദാശിവൻ
൪. സി. എസ്സ്. രാമകൃഷ്ണൻ
൫. കെ. ആർ. ഗൗരി

APPENDIX IV

PRESS NOTE

Sri. C. P. Swamiappa Koundan, M. L. A. (Kozhinjampara General) has been sworn in as a member of the Travancore-Cochin Legislative Assembly at 10-45 a. m. today, the 17th September 1951.

Legislature Secretariat,

17th September 1951

V. KRISHNAMOORTHI
Secretary,
Legislative Assembly